# വേർപാട്

014

അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി
നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം



## സമൃദ്ധിയുടെ സുവിശേഷം

ബ്രദറൺ റിസർച്ച് ഗ്രൂപ്പ് പ്രസിദ്ധീകരണം

# വേർപാട്
വാർത്താ പത്രിക



## എഡിറ്റോറിയൽ ടീം
EDITORIAL TEAM


**ചീഫ് എഡിറ്റർ**

ഡോ. ജോൺസൺ സി. ഫിലിപ്പ്

**മാനേജിംഗ് എഡിറ്റർ**

ഡോ. സനീഷ് ചെറിയാൻ

**എഡിറ്റോറിയൽ ബോർഡ്**

1. സ്കറിയ വർഗീസ്
2. ഏബ്രഹാം തോമസ്, കൊച്ചി
3. പി.ഇ. സാംകുട്ടി
4. അലക്സാണ്ടർ കോശി

**ഓവർസീസ് എഡിറ്റോറിയൽ ബോർഡ്**

ഡോ. സണ്ണി എഴുമറ്റൂർ, യു.എസ്.എ.
ഡോ. കെ.എം. ശമുവേൽ, കെനിയ
നോയൽ ഡാനിയേൽ, യു.എസ്.എ.
ജോൺ ഏബ്രഹാം, ദുബായ്

**പബ്ലിഷർ**

ജിജോ സി. ജോർജ്ജ്

**ഡിസൈൻ & ലേ ഔട്ട്**
ലോഗോസ് മീഡിയ

**പ്രിന്റിംഗ്**

മാപ്തോ പ്രിന്റിംഗ്സ്, കളമശ്ശേരി

**വാർഷിക വരിസംഖ്യ : Rs.150/-**

**ഡോക്ട്രിനൽ അഡ്വൈസറി ബോർഡ്**

1. കെ.എ. ഫിലിപ്പ്
2. ഫിലിപ്പ് ഏബ്രഹാം
3. ഇ.ജെ. പൈലി
4. പി.പി. ജോർജ്ജ്
5. ജോർജ്ജ് പീറ്റർ
6. എം.സി. ജോർജ്ജ്
7. ജോസ് മാങ്കുടി
8. എസ്.കെ. ഡേവിഡ്
9. കെ.വി. ഐസക്
10. വി.എം. പോൾ
11. കെ. ഗോപിനാഥൻ
12. ഡോ. പി.എം. ജോർജ്ജ്കുട്ടി
13. പ്രൊഫ. മാത്യൂസ് ഏബ്രഹാം
14. സി.ഒ. ഡേവീസ്
15. റെജി. കെ. തോമസ്

**മീഡിയ കൺസൾട്ടന്റ്സ്**


1. ഫിലിപ്പ് കെ. ആൻഡ്രൂസ്
2. ജോൺ സെബാസ്റ്റ്യൻ
3. പ്രമോദ് തോമസ്
4. സജി ഇടിക്കുള
5. റെജി കെ. പോൾ

**മാനേജിംഗ് കമ്മിറ്റി**

1. ഡോ. ബഞ്ചമിൻ ഏബ്രഹാം
2. വിക്ടർ ജോർജ്ജ് കുര്യാക്കോസ്
3. സാമുവേൽ പി. വർക്കി
4. രഞ്ജിത്ത് കുമാർ
5. വർക്കി ജോർജ്ജ്
6. രാജു കെ. തോമസ്
7. തോംസൺ കെ. പോൾ


**വാർത്തകളും കത്തുകളും, വരിസംഖ്യയും അയക്കേണ്ട വിലാസം**


**Saneesh Cherian,**
Logos Bhavan
Maneed P.O., Ernakulam 686726, Kerala
Mob : 9497479976
E-mail : BrethrenAssemblyNews@gmail.com
Website : www.BrethrenAssemblyNews.com


## വരിക്കാരുടെ ശ്രദ്ധയ്ക്ക്

വേർപാടു സഭകളുടെ നന്മയും മഹത്വവും ഉയർത്തിക്കാണിക്കുകയും ദുരുപദേശങ്ങളെ വസ്തുനിഷ്ഠമായി ഖണ്ഡിക്കുകയും ചെയ്യുന്നതിൽ പ്രതിജ്ഞാബദ്ധമായിരിക്കുന്ന വേർപാട് വാർത്താപത്രികയിൽ പ്രസിദ്ധീകരിക്കുന്നതിന് വാർത്തകളും ലേഖനങ്ങളും അയക്കുന്നവർ അക്കാര്യം പ്രത്യേകം ശ്രദ്ധിക്കുമല്ലോ. ഈ പ്രസിദ്ധീകരണത്തെ ഓർത്തു പ്രാർത്ഥിക്കണമെ.

# വേർപാട്

അടിസ്ഥാന ഉപദേശങ്ങൾക്കും വേർപാടു സത്യങ്ങൾക്കുമായി നിലകൊള്ളുന്ന ഒരു ബ്രദറൺ പ്രസിദ്ധീകരണം

Volume 14 July 2012


## ഉള്ളടക്കം


വിവാഹം എന്നാൽ എന്ത് 02





സമൃദ്ധിയുടെ സുവിശേഷം ദൈവികമോ പൈശാചികമോ? 05

വേർപാട് ന്യൂസ് 07

വേർപാട് വിവാഹ വേദി Verpad Matrimonial 09

വേദവിജ്ഞാനം സംഖ്യാ പുസ്തകം 12

ബൈബിൾ പ്രവചനങ്ങളുടെ പ്രയോജനം 13


### എഡിറ്റോറിയൽ

# നാം എന്താ ഇങ്ങനെ ?

**ചി**ല നാളുകൾക്കു മുമ്പ് ഒരു സുവിശേഷകൻ വേറൊരു സുവിശേഷകനെക്കുറിച്ച് പറഞ്ഞത് ഇപ്രകാരമാണ്. “അവൻ പിച്ചച്ചട്ടിയെടുത്തു തെണ്ടി നടക്കുന്നതു കണ്ടാലേ എനിക്ക് അടങ്ങിയിരിക്കാൻ സാധിക്കൂ.” ചില സുവിശേഷകന്മാരുടെ ഇടയിൽ ഇന്നാളുകളിൽ വർദ്ധിച്ചു വരുന്ന ദുഷ്പ്രവണതകളുടെ ഒരു മകുടോദാഹരണമാണിത്. ആശയപരമായി വിയോജിപ്പുണ്ടാകുമ്പോൾ നിസാരകാര്യത്തിന്റെ പേരിലാണെങ്കിൽ പോലും, കർത്തൃമേശ വിലക്കി, ഫണ്ടുവെട്ടി, പടിയടയ്ക്കുന്ന ഒരു പ്രവണത വർദ്ധിച്ചു വരുന്നു. ഇതു സുവിശേഷ വേലക്കാരുടെ ഇടയിൽ തന്നെ പെരുകുന്നതു ശുഭകരമായ കാര്യമല്ല.

ക്രിസ്തുവിൽ ഏകോദര സഹോദരങ്ങൾ(ബ്രദറൺ) എന്നവകാശപ്പെടുന്നവരുടെ ഇടയിൽ കൂട്ടുപ്രവർത്തകനെ ഇല്ലായ്മ ചെയ്യുന്നതിനുള്ള ശ്രമങ്ങൾ ഉണ്ടാകുന്നത് നന്നല്ല. ദൈവാത്മാവ് അതിനെ വീക്ഷിക്കുന്നത് ഇപ്രകാരമാണ്. “നിങ്ങളിൽ ശണ്ഠയും കലഹവും എവിടെ നിന്ന്? നിങ്ങളുടെ അവയവങ്ങളിൽ പോരാടുന്ന ഭോഗേച്ഛകളിൽ നിന്നല്ലയോ ? (യാക്കോ 4:1). സ്ഥാനമോഹവും ശ്രേഷ്ഠഭാവവും ദൈവദാസന്മാരുടെ ഹൃദയത്തിൽ ഉണ്ടാകുമ്പോൾ സഹപ്രവർത്തകനെ കീഴ്പ്പെടുത്താനും, കീഴ്പ്പെടാൻ കൂട്ടാക്കാത്തവനെ പുറത്താക്കാനും മനസ്സ് വരുന്നു. ആത്മീക ദർശനവും വിളിയും മഹത്വവും വിസ്മരിച്ച് ജീവിക്കുമ്പോഴാണ് ഇങ്ങനെ സംഭവിക്കുന്നത്. ശ്രേഷ്ഠനേയും എളിയവനേയും വേലയ്ക്കാക്കുന്നതു പരസ്പരം ഒടുക്കിക്കളയുവാനല്ല. കർത്താവിന്റെ വയലിൽ യഥാവിധി വേല ചെയ്യുവാനാണ്. ഇന്നു പലരും വേല മറന്നു ചെങ്കോലുമായി ഭരണം നടത്തുകയാണ്. ഈ നിലയിലുള്ള പ്രവണതകൾ ഇന്നു സ്ഥലം സഭകളുടെ തകർച്ചയ്ക്കു വഴി തെളിക്കുന്നില്ലേ എന്നു ചിന്തിക്കേണ്ടിയിരിക്കുന്നു.

കർത്താവ് നിയോഗിച്ച് വേലയ്ക്കാക്കിയവനെ ഉടക്കിയും മുടക്കിയും പിച്ചചട്ടിയും നിൽകി പുറത്താക്കുവാനുള്ള പ്രവണത രഹസ്യമായും പരസ്യമായും നടക്കുന്നതു വേർപാടു സഭകൾക്ക് ശാപമായിത്തീരുന്നു എന്നു തിരിച്ചറിയാൻ വൈകിയാൽ ഭവിഷ്യത്ത് വളരെ വലുതായിരിക്കും. ഇത്തരം സമീപനങ്ങളെ ദൈവജനം വചനാനുസൃതം കൈകാര്യം ചെയ്യേണ്ടതാണ്. വേലക്കാർ തന്നെ സുവിശേഷത്തിന് തടസ്സമായിത്തീരരുത്. ദൈവത്തെ ഭയപ്പെടുവാനും ദൈവദാസന്മാരെ ബഹുമാനിക്കുവാനും ദൈവജനത്തെ സ്നേഹിക്കുവാനും സുവിശേഷകന്മാർ അഭ്യസിക്കേണ്ടിയിരിക്കുന്നു. ബൈബിൾ സ്കൂളിലല്ല; കർത്താവിന്റെ പാദത്തിങ്കലിരുന്നു തന്നെ പ്രാപിക്കണം. എങ്കിൽ മാത്രമേ സഹപ്രവർത്തകനെ ശ്രേഷ്ഠൻ എന്നെണ്ണുവാനും ആദരിക്കുവാനും സാധിക്കൂ.

**ഡോ. ജോൺസൺ സി. ഫിലിപ്പ്**



## വിവാഹം, വിവാഹജീവിതം വിവാഹമോചനം



# വിവാഹം എന്നാൽ എന്ത് ?

എം. എ. ജോസ്

**ദൈ**വം സ്ഥാപിച്ചതാണു വിവാഹം. ആദ്യവിവാഹം ദൈവത്തിന്റെ നേരിട്ടുള്ള കാർമ്മികത്വത്തിൽ നടന്നതുമാണ്. "മനുഷ്യൻ ഏകനായിരിക്കുന്നതു നന്നല്ല; ഞാൻ അവനു തക്കതായൊരു തുണ ഉണ്ടാക്കിക്കൊടുക്കും." എന്നു ദൈവം അരുളിച്ചെയ്തു. (ഉല്പ. 2:18). നന്നല്ല എന്ന വാക്കിന്റെ അർത്ഥം എന്താണ്? ഒന്ന്, മനുഷ്യന്റെ ഏകാന്തതയ്ക്കു പരിഹാരം ഉണ്ടാകണം. അവന്റെ ജീവിതം അർത്ഥവത്താകണം. രണ്ട്, ദൈവിക പദ്ധതിപ്രകാരം തലമുറകൾ ഉണ്ടാകണം. മൂന്ന്, ദൈവസ്നേഹവും കരുതലും മനുഷ്യരിൽക്കൂടെ വെളിപ്പെടണം. ഏകനായിരിക്കുന്നതിനാൽ ഈ വക കാര്യങ്ങൾ നിറവേറുകയില്ല. അതിനാലാണ് ഏകനായിരിക്കുന്നതു നന്നല്ല എന്നു ദൈവം കണ്ടു എന്നു പറയുന്നത്. അതു ദൈവിക പദ്ധതിക്കു പര്യാപ്തമല്ല എന്നർത്ഥം.

വിവാഹത്തിൽക്കൂടെ പുത്രോല്പാദനമാണു പരമ ലക്ഷ്യം എന്നതിനാൽ അതിനുതകുന്ന ലൈംഗികപ്രകൃതിയോടു കൂടെയാണു മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. ആ നിലയിൽ ഏകനായിരിക്കുന്നത് അർത്ഥശൂന്യവും ധാർമ്മികതയ്ക്കു കോട്ടം വരുത്താവുന്നതുമാണ്. ദൈവാത്മാവ് ഈ ബന്ധത്തിൽ പറയുന്ന കാര്യം ശ്രദ്ധേയമാണ്. "ദുർന്നടപ്പ് ഒഴിവാക്കുവാൻ ഓരോരുത്തനു സ്വന്ത ഭാര്യയും ഓരോരുത്തിക്കു സ്വന്ത ഭർത്താവും ഉണ്ടായിരിക്കട്ടെ" എന്നാണു പറഞ്ഞിരിക്കുന്നത്. (1 കൊരി. 7:2)

ഒരു കഥ ഈ ബന്ധത്തിൽ ഓർമ്മ വരുന്നു. ഒരാൾ തന്റെ മകൻ പെണ്ണുങ്ങളെ അറിയാത്തവനായി വളരണം എന്നാഗ്രഹിച്ച് അവനെ പെണ്ണുങ്ങളെ കാണുവാൻ കഴിയാത്ത അന്തരീക്ഷത്തിൽ വളർത്തി. പെണ്ണൊഴികെ മറ്റെല്ലാത്തിനെക്കുറിച്ചുമുള്ള അറിവ് അവനു നൽകി. പ്രായപൂർത്തിയായപ്പോൾ അവനെ പുറം ലോകത്തേക്കു കൊണ്ടുവന്നു. ഓരോന്നു കാണുമ്പോഴും അവ എന്തെന്ന് അവൻ അന്വേഷിച്ചു. പേരുകളും മറ്റും അവനറിയമായിരുന്നതിനാൽ അതൊക്കെ അവൻ മനസ്സിലാക്കി. പിന്നീട് ഒരു കൂട്ടം പെൺകുട്ടികൾ പോകുന്നതു കണ്ട് അവ എന്തെന്ന് അവൻ തിരക്കി. അവ ഒരു കൂട്ടം പ്രാവുകളാണെന്ന് അപ്പൻ മറുപടി പറഞ്ഞു. ഒടുവിൽ, അപ്പൻ അവനു അന്നു കണ്ടതിൽ വെച്ച് ഏതാണ് വേണ്ടതെന്നു ചോദിച്ചു. 'എനിക്ക് ആ പ്രാവുകളിൽ ഒന്നിനെ മതി' എന്നവൻ ഉത്തരം പറഞ്ഞു. എതിർ സെക്സിനോടുള്ള ആകർഷണമാണ് ഇതു വ്യക്തമാക്കുന്നത്. ആ നിലയിലാണു ദൈവം മനുഷ്യനെ സൃഷ്ടിച്ചിരിക്കുന്നത്. വിവാഹജീവിതവും അതിന്റെ അടിസ്ഥാനത്തിലാണ്. അതുകൊണ്ടാണ് ഏകനായിരിക്കുന്നതു നന്നല്ല എന്നു കണ്ട് ആദമിൽ നിന്നു തന്നെ വേർപെടുത്തി ഒരു സ്ത്രീയെ രൂപപ്പെടുത്തി ആദാമിനു ഭാര്യയായി കൊടുത്തത്.


ദൈവം ഭൂമിയേയും അതിലുള്ള സകലത്തേയും സൃഷ്ടിച്ച ശേഷമാണു മനുഷ്യനെ സൃഷ്ടിക്കുന്നത്. ആദ്യം മനുഷ്യന് ആവശ്യമായ സകലവും സൃഷ്ടിച്ച ശേഷം മനുഷ്യനെ സൃഷ്ടിച്ചു. ആദ്യം മനുഷ്യനെ സൃഷ്ടിച്ചിരുന്നെങ്കിൽ ശൂന്യമായ ഭൂമിയിലെ മനുഷ്യന്റെ ജീവിതം ഏറ്റവും ദുഷ്കരമാകുമായിരുന്നു. ഇതു ദൈവത്തിന്റെ മനുഷ്യരോടുള്ള കരുതൽ ചൂണ്ടിക്കാണിക്കുന്നു. രസകരമായ മറ്റൊരു ചിന്ത ഇവിടെ ലഭിക്കുന്നുണ്ട്. പലരുടേയും അവകാശവാദങ്ങൾ കാണുമ്പോൾ അങ്ങനെ തോന്നിപ്പോകയാണ്. അതായത്, ദൈവം മനുഷ്യനെ സൃഷ്ടിച്ച ശേഷമാണു ബാക്കിയെല്ലാം സൃഷ്ടിക്കുന്നതെങ്കിൽ പിന്നീടുമ നുഷ്യൻപ റയും' ഇക്കാണുന്നതെല്ലാം ഞാനും ദൈവവും ചേർന്നു സൃഷ്ടിച്ചതാണെ'ന്ന്.

> "ദുർന്നടപ്പ് ഒഴിവാക്കുവാൻ ഓരോരുത്തനു സ്വന്ത ഭാര്യയും ഓരോരുത്തിക്കു സ്വന്ത ഭർത്താവും ഉണ്ടായിരിക്കട്ടെ"
> (1 കൊരി. 7:2)

ദൈവം സൃഷ്ടിച്ചതായ ജീവജാലങ്ങളെ അവന്റെ മുമ്പിൽ കൊണ്ടു വന്ന് അവയ്ക്ക് അവനെക്കൊണ്ടു പേരിടുവിച്ചു. ‘ആദം ഇട്ടത് അവയ്ക്കു പേരായി’ എന്നും കാണുന്നു. അതിനെത്തുടർന്ന് പറയുന്നത്. “എങ്കിലും മനുഷ്യനു തക്കതായ ഒരു തുണയെ കണ്ടുകിട്ടിയില്ല.” എന്നാണ്. ആ പ്രസ്താവന പലരും തെറ്റായി വ്യഖ്യാനിക്കുന്നുണ്ട്. മനുഷ്യൻ ഏകനായി രിക്കുന്നതു നന്നല്ല എന്നു കണ്ട ദൈവം ആദമിനു ബോധിച്ചെങ്കിൽ ഒന്നിനെ എടുക്കട്ടെ എന്നു കരുതി ജീവജാലങ്ങളെ അവന്റെ മുമ്പിൽ വരുത്തി എന്നും എന്നാൽ ആദമിന് അവയിൽ ഒന്നിനെയും ഇഷ്ടപ്പെ ട്ടില്ല എന്നും അക്കൂട്ടർ പറയുന്നു. ആദമിന് ഇഷ്ടപ്പെ ട്ടെങ്കിൽ അതിൽ ഒന്നിനെ എടുക്കട്ടെയെന്നു ദൈവം ചിന്തിച്ചതേയില്ല. വിവാഹത്തോടുള്ള ബന്ധത്തിൽ പിന്നീടു വെളിപ്പെട്ട സത്യത്തിന്റെ അടിസ്ഥാനത്തിൽ ദൈവം ഒരിക്കലും അങ്ങനെ ചിന്തിക്കയില്ലെന്നു മന സ്സിലാക്കാം. തക്ക തുണയാണു ദൈവം അവനായി കരുതിയിട്ടുള്ളത്. ഒരു പക്ഷേ ഇണകളായി അവന്റെ മുമ്പിൽവ രുത്തിയതിൽക്ക ൂടെഒ രുത ുണയുമാ യുള്ള ജീവിതത്തിലേക്ക് അവന്റെ ശ്രദ്ധ ആകർഷി ക്കുവാൻ ദൈവം ഉദ്ദേശിച്ചു കാണാം. അല്ലാതെ ആദ മിന് ഇഷ്ടപ്പെട്ടെങ്കിൽ ജീവജാലങ്ങളിൽ ഒന്നിനെ എടുക്കട്ടെ എന്നു ചിന്തിച്ചതല്ല. എങ്കിലും തക്കതായ ഒരു തുണയെ കണ്ടില്ല എന്നു പറയുന്നതിൽ മനസ്സി ലാക്കാവുന്ന മറ്റൊരു ചിന്ത ജീവജാലങ്ങൾക്കുള്ള തുണ പോലെയല്ല, തികച്ചും വ്യത്യസ്തമായ ഒരു തുണയാണാവശ്യം എന്നതാണ്. അത് ഇനിയും സൃഷ്ടിക്കേണ്ടിയിരിക്കുന്നു. ഇങ്ങനെയുള്ള ചിന്തക ളാണ് ഈ പ്രയോഗത്തിൽ നിന്നും മനസ്സിലാകു ന്നത്.

അതിനായി ദൈവം ഒരു ക്രമീകരണം ചെയ്തു. ആദ മിന്റെ അസ്ഥിയും മാംസവും അടർത്തിയെടുത്ത് ഒരു സ്ത്രീയെ രൂപപ്പെടുത്തുകയായിരുന്നു. അതിനു വേണ്ടി ആദ്യമായി ആദമിന് ഒരു ഗാഢ നിദ്ര വരു ത്തി. ഇന്നത്തെ ഭാഷയിൽ പറഞ്ഞാൽ അനസ്തീ സിയ കൊടുത്തു മയക്കി. തുടർന്ന് പ്ലാസ്റ്റിക്ക് സർജറി തന്നെ നടത്തി. അസ്ഥിയും മാംസവും ആദ മിന്റെ ശരീരത്തിൽ നിന്നു തന്നെ അടർത്തി. അതിനെ ഒരു സ്ത്രീയായി രൂപപ്പെടുത്തി. അസ്ഥിയും മാംസവും വേർപെടുത്തുമ്പോൾ വേദനയറിയിപ്പാ തിരിപ്പാനാണു ഗാഢനിദ്ര വരുത്തിയത്. അത് ഇന്നത്തെ ബോധം കെടുത്തൽ തന്നെ. അതുകൊ ണ്ടാണ് ഈ പ്രക്രിയ നടക്കുമ്പോൾ ആദം ഒന്നും അറിയാതിരുന്നത്. എല്ലാം കഴിഞ്ഞപ്പോഴാണ് അവൻ അറിയുന്നത്. അപ്പോഴാണ് ‘ഇവൾ എന്റെ അസ്ഥി യിൽ നിന്ന് അസ്ഥിയും മാംസത്തിൽ നിന്നു മാംസവും” എന്ന് അവൻ പറയുന്നത്.

എന്തുകൊണ്ടാണ് ദൈവം ഈ രീതിയിൽ സൃഷ്ടി ച്ചത് ? ആദമിനെ സൃഷ്ടിച്ച പ്രകാരം മണ്ണിൽ നിന്നു തന്നെ സ്ത്രീയെ ഉണ്ടാക്കാമായിരുന്നല്ലോ. ആദ



മിനെ എന്തിനു വേദനയിൽ കൂടെ കടത്തിവിട്ടു.? ആദം വേദനയിൽ കൂടെ കടക്കുക വഴി തനി ക്കൊരു മണവാട്ടിയെ ലഭിച്ചതു ക്രൂശിന്റെ യാത നയിൽ കൂടെ കടന്നുപോയ കർത്താവിന് ഒരു മണവാട്ടി സഭയെ ലഭിച്ചതിലേക്കു വിരൽ ചൂണ്ടുകയാണ്. എന്നാൽ പ്രധാനമായ മറ്റൊരു വസ്തുതയാണ് അതിന്റെ പുറകിൽ; ആദമിന്റെ ശരീരത്തിൽ നിന്നും അടർന്നതായ ഭാഗം അവി ടെത്തന്നെത ിരിച്ചുചേർക്കുമ്പോൾആ ദമിന്റെ ശരീരത്തിന് അതിനെ സ്വീകരിപ്പാൻ ബുദ്ധിമുട്ടു ണ്ടാവുകയില്ല. അതുപോലെ അടർന്നു പോന്ന ഭാഗമായ ഹവ്വയ്ക്ക് അവിടെത്തന്നെ തിരികെ യെത്തുമ്പോൾ പറ്റിച്ചേരുവാൻ ബുദ്ധിമുട്ടില്ല.

ചില ഓഫീസുകളിൽ സ്ഥലം മാറി ചെല്ലുന്നവർ ആദ്യദിവസങ്ങളിൽ പകച്ചും, കരുതലോടും, അധികമാരോടും സംസാരിക്കാതെയും ഇരിക്കു ന്നതു കാണാം. എന്നാൽ മറ്റു ചിലർ വന്നപാടെ മറ്റുള്ളവരുമായി ചിരിച്ചും തമാശ പറഞ്ഞും മറ്റും ആ സാഹചര്യത്തിൽ ഇണങ്ങുന്നു. പുതു തായി വന്ന പ്രതീതിയേ ഇല്ല. അതിന്റെ കാരണം ആ വ്യക്തി അതേ ഓഫീസിൽ നേരത്തേ ജോലി ചെയ്തിട്ടുള്ളതാണ്. അവിടെ നിന്നും സ്ഥലം മാറിപ്പോയതും വീണ്ടും അവിടേക്കു തന്നെ വന്നതുമാണ്. സാഹചര്യവുമായി പൊരുത്തപ്പെ ടുവാൻ അധികം സമയമൊന്നും വേണ്ട. അതു പോലെ തന്നെ പുരുഷനും സ്ത്രീക്കും ഒന്നായിത്തീരുവാൻ ബുദ്ധിമുട്ടില്ല. കാരണം പിരിഞ്ഞ രണ്ടു ഭാഗങ്ങൾ ഒന്നാവുകയാണ്. ഒരു ശരീരമായി ജീവിക്കുവാൻ നിബന്ധന വെച്ച ദൈവം അതിനു സഹായകരമായ സാഹചര്യം സൃഷ്ടിച്ചതാണെന്നു കാണാം.

പുരുഷനേയും സ്ത്രീയേയും ഒന്നായി യോജി പ്പിക്കുന്നതിന്റെ പരമലക്ഷ്യം തലമുറയെ ഉളവാ ക്കുക എന്നുള്ളതാണെന്നു മുമ്പു കണ്ടതാണ്. ആ കാര്യം ദൈവം വ്യക്തമായി പറയുന്നുണ്ട്. അവരെ ആണും പെണ്ണുമായി സൃഷ്ടിച്ചപ്പോൾ ദൈവം അതാണു പറയുന്നത്. (ഉല്പ. 1:27,28) എന്നാൽ ദൈവത്തിന്റെ പ്രത്യേകമായ ഉദ്ദേശ്യ



ആദം വേദനയിൽ കൂടെ കടക്കുക വഴി തനിക്കൊരു മണവാട്ടിയെ ലഭിച്ചതു ക്രൂശിന്റെ യാതനയിൽ കൂടെ കടന്നുപോയ കർത്താവിന് ഒരു മണവാട്ടി സഭയെ ലഭിച്ചതിലേക്കു വിരൽ ചൂണ്ടുകയാണ്.

ത്താൽ ചിലർക്കു സന്താനം വൈകി എന്നു വരാം. ചിലർക്കു ലഭിച്ചില്ലെന്നും വരാം. എന്നാൽ അതു പൊതു പ്രമാണം ആക്കുവാനോ വിവാഹം കൊണ്ടുള്ള പരമലക്ഷ്യം നിഷേധിക്കുവാനോ പാടുള്ളതല്ല. അബ്രഹാമിനോ സാറയ്ക്കോപ ുത്രോല്പാദനത്തിനുള്ളശ ാരീരിക ഘടന/ക്ഷമത ഇല്ലാത്തതുകൊണ്ടല്ലായിരുന്നു. അഥവാ ഒരു ശരീരമായിത്തീരുവാൻ കഴിയാഞ്ഞിട്ടല്ലായിരുന്നു പുത്രനെ ലഭിപ്പാൻ താമസിച്ചത്. അക്കാര്യത്തിൽ ദൈവത്തിനു ചില പ്രത്യേക ഉദ്ദേശ്യങ്ങൾ ഉണ്ടായിരുന്നു എന്നു മനസ്സിലാക്കാം. എന്തായിരിക്കാം ആ ഉദ്ദേശ്യം? യിസ്ഹാക്കിനു തുണയായി ദൈവം കരുതിയ റിബെക്ക പ്രത്യക്ഷപ്പെടേണ്ടതുണ്ടായിരുന്നു. 25 വർഷം അബ്രഹാം കാത്തുനിന്നാൽ മാത്രമേ അക്കാര്യം നിറവേറുകയുള്ളൂ. മറ്റൊന്നും കൂടെ ചിന്തിപ്പാൻ കഴിയും. ലോത്തുമായി സമ്പത്തിനെ ച്ചൊല്ലി പ്രശ്നമുണ്ടായപ്പോൾ ഒരു പക്ഷേ യിസ്ഹാക്ക് അതിനകം ജനിച്ചിരുന്നു എങ്കിൽ കാര്യം മറിച്ചാകുമായിരുന്നു. മകനുവേണ്ടി കരുതുവാനുള്ള പരീക്ഷ മൂലം എല്ലാം ലോത്തിന്റെ ഇഷ്ടത്തിനു വിടുവാൻ മടി കാണിക്കുമായിരുന്നു. സാറയായാലും താഴെ വരും വിധം പറയുമായിരുന്നു. : "ജ്യേഷ്ഠന്റെ മകനാണെന്നും പറഞ്ഞ് ഇത്രനാൾ കാണിച്ചതെല്ലാം ശരി. പക്ഷേ ഇപ്പോൾ നമുക്കൊരു മകനുണ്ട്. അവനു വേണ്ടിയതു കരുതണം. എല്ലാം വിട്ടുകൊടുത്തുള്ള കളി ഇനിയും വേണ്ട. ഇങ്ങനെയൊക്കെ സംഭവിച്ചിരുന്നു എങ്കിൽ വിട്ടുകൊടുക്കുന്ന പ്രകൃതക്കാരനല്ലായിരുന്നു ലോത്ത്. പോർ തിട്ടമായിരുന്നു. ജാതികളുടെ മദ്ധ്യത്തിൽ അബ്രഹാം ലജ്ജിക്കേണ്ടിവരുമായിരുന്നു. അബ്രഹാമിനു സന്തതിയെ താമസിപ്പിച്ചതിൽ ഇതൊക്കെയായിരിക്കാം ദൈവോദ്ദേശ്യം.

സെഖര്യാവിനും എലീശബെത്തിനും സന്താനത്തിനായി വാർദ്ധക്യം വരെ കാത്തിരിക്കേണ്ടതായി വന്നു. അതിലുള്ള ദൈവോദ്ദേശ്യം വ്യക്തമാണ്. യോഹന്നാൻ സ്നാപകനെയാണു ദൈവം അവർക്കായി കരുതിയിരുന്നത്. അതു കാലസമ്പൂർണ്ണതയിൽ പ്രത്യക്ഷപ്പെടുന്ന കർത്താവിനു വഴി ഒരുക്കുന്നതിനായിട്ടാണ്. അപ്പോൾ അത്രയും സമയം അവർ കാത്തിരിക്കേണ്ടതുണ്ട്, പറ്റിച്ചേരുവാനുള്ള ശാരീരിക ക്ഷമതയില്ലാഞ്ഞിട്ടല്ല.

ലൂക്കോസ് രണ്ടിൽ ഒരു ഹന്ന പ്രവാചകിയെക്കുറിച്ചു പറയുന്നുണ്ട്. കന്യകാ കാലം കഴിഞ്ഞയുടനെ വിവാഹം കഴിച്ചു. ഏഴു വർഷം കഴിഞ്ഞു വിധവയായി. 84 വർഷം വിധവയായി ദൈവാലയത്തിൽ കഴിഞ്ഞു. മക്കളെക്കുറിച്ച് ഒന്നും പറയുന്നില്ല. അവളെക്കുറിച്ചുള്ള വിശദീകരണത്തിൽ നിന്നും മക്കളില്ലായിരുന്നു എന്നുവേണം മനസ്സിലാക്കുവാൻ. യെരുശലേമിന്റെ വീണ്ടെടുപ്പിനായി കാത്തിരിക്കുന്നവർക്കു വിശ്വസനീയമായ നിലയിൽ വീണ്ടെടുപ്പുകാരനെ ചൂണ്ടിക്കാണിക്കുവാൻ അവളെ അങ്ങനെയൊരന്തരീക്ഷത്തിൽ സംരക്ഷിക്കണമായിരുന്നു. കർത്താവിനെ പ്രതിഷ്ഠിക്കുവാൻ ദൈവാലയത്തിൽ കൊണ്ടു വന്ന സമയത്ത് അവൾ അതാണു ചെയ്തത്.

മേൽപ്പറഞ്ഞ കാര്യങ്ങൾ ദൈവം പ്രത്യേക ലക്ഷ്യത്തോടെ ക്രമീകരിക്കുന്ന ഒറ്റപ്പെട്ട സംഭവങ്ങളാണ്. വിവാഹജീവിതത്തിൽ ഉദ്ദേശിക്കുന്ന ഒരു ശരീരമായി തീരുന്നതിനുള്ള യോഗ്യതയില്ലാഞ്ഞിട്ടല്ല. ഇല്ലാത്ത പ്രശ്നം പറഞ്ഞു വഴക്കുണ്ടാക്കുന്ന ചിലരെപ്പോലെ ചിലർ ഈ കാര്യം ഉയർത്തിപ്പിടിച്ചു ഷണ്ഡന്റെ വിവാഹം പോലും ന്യായീകരിക്കുന്നുണ്ട്.!!!

ഒന്നും കൂടെ ആവർത്തിക്കട്ടെ, പരമ്പരകളെ സൃഷ്ടിക്കുക എന്ന പ്രധാന ഉദ്ദേശ്യത്തോടെയാണ് ദൈവം വിവാഹം ക്രമീകരിച്ചിരിക്കുന്നത്. സൃഷ്ടിപ്പിൽ തന്നെ ദൈവം അതു വ്യക്തമാക്കിയിട്ടുണ്ട്. അതിനു പുരുഷൻ ഭാര്യയോടു പറ്റിച്ചേർന്ന് ഒരു ശരീരമായിത്തീരണം. അതു സാദ്ധ്യമല്ലാത്തവന് വിവാഹം അനുവദിക്കപ്പെട്ടിട്ടില്ല.



# സമൃദ്ധിയുടെ സുവിശേഷം ദൈവികമോ പൈശാചികമോ?

ഡോ. സനീഷ് ചെറിയാൻ

"നിങ്ങൾക്കു ഒരു വീടോ കാറോ ആവശ്യമുണ്ടോ? ഉണ്ടെങ്കിൽ നിങ്ങൾ അതു സ്വപ്നം കാണണം. ഓല ക്കുടിലല്ല; മാർബിൾ ഇട്ട വീടു തന്നെ സ്വപ്നം കാണ ണം. കാറാണ് ആഗ്രഹം എങ്കിൽ കാറിനെ സ്വപ്നം കാണണം. മാരുതി 800 അല്ല. ബി.എം.ഡബ്ല്യു തന്നെ കാണണം. നിങ്ങളുടെ സ്വപ്നത്തിൽ നിങ്ങൾ കണ്ട വീടോ കാറോ എന്തായാലും ലഭിച്ചു എന്ന് വിശ്വസി ക്കുക. വിശ്വസിച്ചുകൊണ്ട് അവകാശപ്പെടുക. ദൈവം അത് നിങ്ങൾക്കു തരും. കേവലം സ്വപ്നങ്ങ ളല്ല. വലിയ സ്വപ്നങ്ങൾ തന്നെ കാണണം."

"നിങ്ങളുടെ പേഴ്സിലോ പോക്കറ്റിലോ ഉള്ള ഏറ്റവും വലിയ തുക സ്തോത്ര കാഴ്ച നൽകുക. നിങ്ങൾ ഏറ്റവും വിലമതിക്കുന്നതു ദൈവത്തിനു നൽകുക. ധാരാളമായി കൊടുക്കുന്നവനു ധാരാളമായി ലഭി ക്കും. സംശയിക്കേണ്ട! ലഭിക്കുമെന്നു വിശ്വസിച്ചു കൊണ്ട് കൊടുക്കുക. 10 കൊടുത്താൽ അതു 100 ആക്കുന്ന ദൈവമാണ് നമുക്കുള്ളത്."

കരിസ്മാറ്റിക് കൺവെൻഷനുകളിലും രോഗശാന്തി ശുശ്രൂഷകളിലും ആവർത്തിച്ചു കേൾക്കുന്ന ചില പ്രസ്താവനകളാണ് മുകളിൽ ഉദ്ധരിച്ചിരിക്കുന്നത്. സമൃദ്ധിയുടെ സുവിശേഷം എന്ത് എന്നതു സംബ ന്ധിച്ച ഏകദേശ രൂപം ഈ പ്രസ്താവനകളിൽ നിന്നും ലഭിക്കും.

## എന്താണ് സമൃദ്ധിയുടെ സുവിശേഷം?

സാമ്പത്തികവും ഭൗതികവുമായ അഭിവൃദ്ധി "ക്രിസ്ത്യാനികൾക്കുണ്ടായിരിക്കണമെന്നതു ദൈവേഷ്ടമാണെന്ന പഠിപ്പിക്കലാണിത്. ദൈവ ത്തിനും ദൈവവേലയ്ക്കും പണം നൽകിയാൽ സമ്പത്തു വർദ്ധിക്കുമെന്ന ഉപദേശം. ക്രിസ്ത്യാ നികൾ ദാരിദ്ര്യം അനുഭവിക്കുന്നതു ദൈവത്തി നിഷ്ടമല്ലെന്നും, ദൈവം തങ്ങളെ സാമ്പത്തിക മായി അനുഗ്രഹിച്ചിരിക്കുന്നു എന്നു വിശ്വസി ക്കാൻ കഴിയാത്തവരാണ് ദാരിദ്ര്യം അനുഭവി ക്കുന്നത്." എന്നുമുള്ള പഠിപ്പിക്കലാണിത്

ലോകമനുഷ്യരുടെ (നല്ലവരുടേയും ദുഷ്ടന്മാരു ടേയും) സമ്പത്ത് നിങ്ങൾക്കു ലഭിക്കുന്നതായി സ്വപ്നം കാണുകയും ഉറച്ചു വിശ്വസിക്കുകയും അവകാശപ്പെടുകയും ചെയ്യണമെന്നും ഇക്കൂട്ടർ പഠിപ്പിക്കുന്നു. യിസ്രായേൽ ജനം മിസ്രയീമ്യരെ കൊള്ളയിട്ടതുപോലെ വിശ്വാസികൾ വിശ്വാസ ത്താൽ ലോകരുടെ സ്വത്ത് സ്വന്തമാക്കണമെ ന്നതു ദൈവഹിതമാണെന്നു ഇക്കൂട്ടർ പ്രഖ്യാപി ക്കുന്നു.

സമൃദ്ധിയുടെ സുവിശേഷകരിലൊരാളായ കോപ്ലാന്റ് പറയുന്നതു സാമ്പത്തിക വർദ്ധ നയും സുഖജീവിതവും ആഗ്രഹിക്കുന്ന നിങ്ങൾ അതു സ്വപ്നം കാണണം. ലഭിച്ചു എന്നു ഉറച്ചു വിശ്വസിക്ക. അതു ലഭിക്കും. ശാശ്വത ജീവിതവും സമ്പത്തും സമൃദ്ധിയും ആരോഗ്യവും ഒരു വിശ്വാസിയുടെ മനസ്സിൽ ഉരുവാകേണ്ട കാര്യമാണെന്നു കാപ്സ് എന്ന ഉപദേഷ്ടാവ് പറയുന്നു. മനുഷ്യഹൃദയത്തിലെ ആഗ്രഹങ്ങളും സ്വപ്നങ്ങളും അതേപടി നിറവേ റ്റിക്കൊടുക്കുവാൻ ബാധ്യസ്ഥനായ ഒരാളാ യാണ് ഇവർ ദൈവത്തെ കാണുന്നത്.

## സമൃദ്ധിയുടെ സുവിശേഷം ഗുണം ചെയ്യു ന്നതാർക്ക് ?

ഈ ലോകത്തിൽ സമ്പൽ സമൃദ്ധമായ ജീവിതം ലഭിക്കയെന്നതു എല്ലാവർക്കും ഇഷ്ടമുള്ള കാര്യമാണ്. പണിയെടുക്കാതെ കാശുണ്ടാകു ന്നതും ചികിത്സ കൂടാതെ രോഗം മാറുന്നതും ഒക്കെ മനുഷ്യർക്കിഷ്ടമാണ്. ഈ ബലഹീന തയെ ചൂഷണം ചെയ്തുകൊണ്ടാണ് പെന്ത ക്കോസ്തു പ്രസ്ഥാനവും കരിസ്മാറ്റിക് പ്രസ്ഥാ നവും സമൃദ്ധിയുടെ സുവിശേഷവുമായി മുമ്പോട്ടു വന്നത്.

ഒരു കൂലിപ്പണിക്കാരൻ പകലന്തിയോളം വിയർപ്പൊഴുക്കി സമ്പാദിച്ചു കള്ളുഷാപ്പിൽ കൊടുത്തിരുന്ന പണത്തിനു സ്ഥാനഭ്രംശമു ണ്ടാക്കി പ്രസംഗകന്റെയും കൂട്ടാളികളുടെയും

കീശയിലെത്തിക്കുന്നുവെന്നല്ലാതെ ആത്മരക്ഷയ്ക്ക് ഉതകുന്നതൊന്നും സമൃദ്ധിയുടെ സുവിശേഷത്തിൽ ഇല്ല. കാരണം അതു ദൈവത്തിൽ നിന്നുള്ള സുവിശേഷമല്ല . അതു വേറൊരു ഉറവിടത്തിൽ നിന്നുള്ള സുവിശേഷമാണ്. മനസ്സിനെ പുളകം കൊള്ളിക്കുന്ന വ്യാജവാഗ്ദാനങ്ങൾ ദൈവനാമത്തിൽ ചെയ്തു. പാവപ്പെട്ടവന്റെ പണവും സ്വത്തും വിശ്വാസത്തിന്റെ പേരു പറഞ്ഞ് സ്വന്തം കീശയിലാക്കി മണി മന്ദിരങ്ങൾ പടുത്തുയർത്തുകയാണ് ഇവർ. ഇക്കൂട്ടരുടെ സ്വർഗ്ഗം ഈ ഭൂമിയും ദൈവം വയറുമാകുന്നു. (ഫിലി. 3:19).

ഈ നിലയിൽ വിശ്വാസത്തിന്റെ പേരിലും സുവിശേഷത്തിന്റെ മറവിലും കണക്കിൽ പെടാത്ത ആയിരം കോടികളുടെ സ്വത്തു സമ്പാദിച്ച സുവിശേഷകരെ പോലീസ് പിടിച്ച വാർത്തകൾ നമ്മുടെ കണ്ണു തുറപ്പിക്കേണ്ടതാണ്. നികുതി വെട്ടിപ്പും, റിയൽ എസ്റ്റേറ്റു ബിസിനസും തുടങ്ങി അവിശ്വാസികൾ പോലും ചെയ്യാൻ മടിക്കുന്ന കാര്യങ്ങൾ ആത്മീക മുഖംമൂടിയണിഞ്ഞ ഇക്കൂട്ടർ ചെയ്യുന്നതു കാണാം. ഇക്കൂട്ടരുടെ കെണിയിലകപ്പെട്ടു വലഞ്ഞുപോകുന്നവർ ധാരാളം.

## സമൃദ്ധിയുടെ ദൈവശാസ്ത്രം

സമൃദ്ധിയുടെ സുവിശേഷം പ്രസംഗിക്കുന്നവരുടെ ഉപദേശങ്ങളും എഴുത്തുകളും ശ്രദ്ധിച്ചാൽ അവരുടെ ദൈവശാസ്ത്രം വ്യക്തമാകും.

1. **ദൈവം:** മനുഷ്യന്റെ ആഗ്രഹങ്ങളും സ്വപ്നങ്ങളും നടത്തിക്കൊടുക്കുന്ന ആൾ. ദൈവത്തിന്റെ പരമാധികാരത്തേക്കാൾ മനുഷ്യന്റെ ഇഷ്ടാനിഷ്ടങ്ങൾക്കാണ് ഇവർ പ്രാധാന്യം നൽകുന്നത്. ഇതു തിരുവചന ഉപദേശത്തിൽ നിന്നും വ്യതിചലിക്കപ്പെട്ടു പോയതാണ്.

2. **പരിശുദ്ധാത്മാവ്:** വിശ്വാസികളിൽ, അവരവരുടെ ഇഷ്ടപ്രകാരം അത്ഭുതങ്ങൾ പ്രവർത്തിക്കുന്ന ദൈവിക ശക്തി. കാറ്റ്, തീ, മന്ദമാരുതൻ, എന്നീ നിലകളിൽ സന്ദർഭോചിതമായി അവതരിപ്പിക്കപ്പെടുന്നു.

3. **ക്രിസ്തുവും പ്രായശ്ചിത്തമരണവും:** ക്രൂശ് മരണത്തിൽ യേശു സാത്താനെ അനുസരിക്കയും അവന്റെ സ്വഭാവം(പാപം) സ്വയം ഏറ്റെടുക്കുകയും ചെയ്തു എന്ന് കോപ്ലാന്റ് പറയുന്നു. ഈ വാദത്തെ സാധൂകരിക്കുവാൻ അവർ 2 കൊരി 5:21 ഉദ്ധരിക്കുന്നു. ഇക്കൂട്ടരുടെ അഭിപ്രായത്തിൽ യേശുവിന്റെ ക്രൂശ്മരണം (ശാരീരിക മരണം) പാപ പരിഹാരത്തിനു മതിയായതല്ല. പാപത്തിന്നു പരിഹാരം വരുന്നത് യേശു പാതാളത്തിൽ ചെന്നു ദുരാത്മാക്കളാൽ പീഢിപ്പിക്കപ്പെട്ടു മരിച്ചതു കൊണ്ടാണ്. പാതാളത്തിൽ ചെന്നു ആത്മീകമരണം അനുഭവിച്ച യേശുവിൽ പിതാവാം ദൈവം ജീവശ്വാസം ഊതിയപ്പോൾ യേശു മരണത്തിൽ നിന്നും വീണ്ടും ജീവിച്ചു. ഇത്തരം ഉപദേശങ്ങൾക്കു തിരുവെഴുത്തുമായി യാതൊരു ബന്ധവുമില്ല.

4. **മനുഷ്യൻ:** ദൈവവും മനുഷ്യനും സാരാംശത്തിൽ ഒന്നാണ്. കാരണം ദൈവം മനുഷ്യനെ തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ചു. രണ്ടു പേരും ആത്മീക പ്രകൃതമുള്ളവരാണ്.

ദൈവത്തിനു തുല്യമായ അവസ്ഥയിലാണ് മനുഷ്യൻസ ൃഷ്ടിക്കപ്പെട്ടത്.ഒ രുക ാര്യംഅ ങ്ങനെ തന്നെ സംഭവിക്കുമെന്നു ഉറച്ചു വിശ്വസിക്കുമ്പോൾ സംഭവിക്കുമെന്നതു മനുഷ്യനിലെ ദൈവികതയുടെ തെളിവാണ്. ഈ യാഥാർത്ഥ്യം അംഗീകരിക്കാനാവാത്തതാണ് മനുഷ്യരുടെ കഷ്ടതയ്ക്കും ദാരിദ്ര്യത്തിനും കാരണം.

5. **നിത്യജീവൻ:** സമൃദ്ധിയായുണ്ടാകുന്ന നിത്യജീവൻ ഇക്കൂട്ടരെ സംബന്ധിച്ചിടത്തോളം ഈ ലോക ജീവിതമാണ്. രോഗത്തിൽ നിന്നും ദാരിദ്യത്തിൽ നിന്നും വിടുതൽ പ്രാപിച്ചുള്ള ദീർഘായുസ്സ്. ഈ ലോകത്തിലെ സമ്പത്തും സമൃദ്ധിയുമാണ് ഇവർക്കു ദൈവിക അനുഗ്രഹം.

6. **രക്ഷ:** രക്ഷ മാനസാന്തരത്താലാണെന്നു പറയുമ്പോഴും പ്രവൃത്തിക്കാണ് ഊന്നൽ നൽകുന്നത്. ദശാംശം കൊടുക്കുന്നതും മിഷണറി വേലയെ സഹായിക്കുന്നതും ദൈവിക അനുഗ്രഹങ്ങൾ പ്രാപിക്കുന്നതിന് അനിവാര്യമാണെന്നു പഠിപ്പിക്കുന്നു.

വേദവാക്യങ്ങൾ ഉരുവിടുന്നുവെങ്കിലും വചന വിരുദ്ധ ഉപദേശങ്ങൾ പഠിപ്പിക്കുന്നവരാണിവർ. ദൈവം, ക്രിസ്തുവിന്റെ പ്രായശ്ചിത്തമരണം, രക്ഷ, ക്രിസ്തീയ ജീവിതം, പരിശുദ്ധാത്മാവ്, മനുഷ്യൻ തുടങ്ങി ക്രിസ്തീയ വിശ്വാസപ്രമാണങ്ങളെ സംബന്ധിച്ചെല്ലാം വേദവിപരീതമായ കാഴ്ചപ്പാടാണ് ഇവർ വെച്ചു പുലർത്തുന്നത്.

## ഗുണഭോക്താക്കൾ

സമ്പത്തും ആരോഗ്യവും ദൈവത്തിന്റെ അനുഗ്രഹമാണെന്നും അതു ആഗ്രഹിച്ചും അവകാശപ്പെട്ടും പ്രാപിക്കണമെന്നുള്ളത് വിശ്വാസികളെ കുറിച്ചുള്ള ദൈവഹിതമാണെന്നുമുള്ള പഠിപ്പിക്കലാണ് സമൃദ്ധിയുടെ സുവിശേഷം. കറുത്ത പണം (കണക്കിൽ പെടാത്തത് - Black Money) വെളുപ്പിക്കാനും മനസാക്ഷിയുടെ ആക്ഷേപത്തിൽ നിന്നും രക്ഷപ്പെടുന്നതിനുമുള്ള സാത്താന്യ തന്ത്രമാണ് ഇതെന്നു പറയുന്നതു തെറ്റാവില്ല. സമ്പന്നന്മാർ ഇത്തരം കൂടിവരവുകളിൽ ചെല്ലുന്നതും വൻതുകകൾ നൽകുന്നതും

ശേഷം പേജ് 16 ▶

# വേർപാട് ന്യൂസ്

## പ്രാർത്ഥനയ്ക്കും സഹകരണത്തിനും

പ്രിയരെ, മാറ്റാംപുറം ബ്രദറൺ സഭ അറിയിക്കുന്നത്

കഴിഞ്ഞ ദീർഘവർഷങ്ങളായി ഈ സ്ഥലം സഭയുമായി കുടുംബമായി സജീവ ബന്ധം പുലർത്തിവന്നിരുന്ന ഞങ്ങളുടെ പ്രിയ സഹോദരൻ ജോൺസൺ (40 വയസ്സ്) വളരെ അപ്രതീക്ഷിതമായുണ്ടായ ഒരു വാഹന അപകടത്തിൽപ്പെട്ട് 1.06.2012 ൽ കർതൃസന്നിധിയിൽ ചേർക്കപ്പെട്ടു. അപകടം സംഭവിച്ച ദിവസം തന്റെ വീടിന്റെ മെയിൻ വാർക്ക നടക്കാനിരിക്കുകയായിരുന്നു. പ്രിയ സഹോദരന് ഭാര്യയും 11 വയസ്സും, 7 വയസ്സും, 5 വയസ്സും ഉള്ള 3 പെൺകുഞ്ഞുങ്ങൾ ഉണ്ട്. പച്ചക്കറി മാർക്കറ്റിൽ കൂലി വേല ചെയ്താണ് സഹോദരൻ കുടുംബം പുലർത്തിയിരുന്നത്.



ഭവനനിർമ്മാണത്തിനായി ബാങ്കിൽ നിന്ന് ഒരു നല്ല സംഖ്യ വായ്പ എടുത്താണ് കാര്യങ്ങൾ ക്രമീകരിച്ചിരുന്നത്. വളരെ അപ്രതീക്ഷിതമായി ഉണ്ടായ സഹോദരന്റെ വേർപാട് ആ കുടുംബത്തെ ആകെ തകർത്തിരിക്കുകയാണ്. വീടിന്റെ പൂർത്തീകരണം, കുഞ്ഞുങ്ങളുടെ വിദ്യാഭ്യാസം, ഭാവികാര്യങ്ങൾ എന്നിങ്ങനെയുള്ള നിരവധി കാര്യങ്ങൾ നടക്കേണ്ടിയിരിക്കുന്നു. ഈ സന്ദർഭത്തിൽ പ്രിയ കുടുംബത്തിന്റെ ആശ്വാസത്തിനും ഭൗതിക വിഷയങ്ങൾ ക്രമീകരിക്കപ്പെടേണ്ടതിനും ദൈവജനത്തിന്റെ നിർലോഭമായ പ്രാർത്ഥനയും സഹകരണവും ഈ കുടുംബത്തിന് ആവശ്യമായിരിക്കുന്നു. ആകയാൽ ദൈവജനത്തിന്റെ അടിയന്തിര പ്രാർത്ഥനയ്ക്കും സഹകരണത്തിനുമായി ഈ വിഷയം സമർപ്പിക്കുകയാണ്. ഈ ആവശ്യത്തിലേക്ക് Joseph M.T, Philamon M.J , Jiemon Varghese എന്നിവരുടെ പേരിൽ ഒരു ജോയന്റ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്.

Bank SBI
Account No. 32366048100
IFSC SBIN0010566
Kerala Police Academy, Thrissur,
Ramavarmapuram

ദയവായി ദുഃഖത്തിലിരിക്കുന്ന സഹോദരി ഷീബയെയും 3 കുഞ്ഞുങ്ങളെയും (സ്വീറ്റി, സിമ്മി, ഹെബ്സീബ) ഓർത്ത് ദൈവജനം പ്രാർത്ഥിക്കുകയും ഈ പ്രത്യേക ഘട്ടത്തിൽ ആവശ്യമായ കൈത്താങ്ങുകൾ നൽകി സഹകരിക്കുകയും ചെയ്യണമെന്ന് കർത്തൃനാമത്തിൽ സഭയായി ഞങ്ങൾ അഭ്യർത്ഥിച്ചുകൊള്ളുന്നു.

മാറ്റാപുറം ബ്രദറൺ സഭയ്ക്കു വേണ്ടി

M.T. Joseph, Christian Brethren Church
Mattampuram, Kurichikkara P.O.,
Thrissur - 680028

## സഭാ ഹാളിനുള്ള അഭ്യർത്ഥന

**വയനാട്**: വ യനാട്ജ ില്ലയിൽമ ാനന്തവാടി താലൂക്കിൽ പനമരം പഞ്ചായത്തിൽ ചെറുകാട്ടൂർ എന്ന സ്ഥലത്ത് ഇമ്മാനുവേൽ ബ്രദറൺ ചർച്ച് എന്ന പേരിൽ നമ്മുടെ ഒരു സഭാ കൂടിവരവ് ആരംഭിക്കുവാൻ കർത്താവ് സഹായിച്ചു.

ഏകദേശം 45–ഓളം വിശ്വാസികളും 20 ഓളം കുഞ്ഞുങ്ങളും ആരാധനയ്ക്കും സൺഡേ സ്കൂളിനുമായി കൂടി വരുന്നുണ്ട്.

ഇപ്പോൾ വളരെ ഇടുങ്ങിയ ഒരു വാടകകെട്ടിടത്തിലാണ് കൂടിവരുന്നത്. വിശ്വാസികൾ ആരും തന്നെ സാമ്പത്തികമായി ഉയർന്ന നിലയിലല്ല എങ്കിലും ഒരു സഭാ ഹാൾ പണിയണം എന്ന ആഗ്രഹത്തോടെ അതിന് അനുയോജ്യമായി നാലരലക്ഷം രൂപ വില വരുന്ന 11 സെന്റ് സ്ഥലം

കണ്ടെത്തുകയും വിശ്വാസികളായ ഞങ്ങൾ സ്വരൂപിച്ച ഒന്നരലക്ഷം രൂപ അഡ്വാൻസ് നൽകി എഗ്രിമെന്റ് എഴുതുകയും ചെയ്തിട്ടുണ്ട്. 4 മാസത്തെ കാലാവധിക്കുള്ളിൽ ബാക്കി തുകയായി 3 ലക്ഷം രൂപ കൊടുത്ത് സ്റ്റീവാർഡ് അസോസിയേഷന്റെ പേരിൽ ഈ സ്ഥലം രജിസ്റ്റർ ചെയ്തു വാങ്ങുവാനും ഇതിൽ 40 x 20 വലുപ്പത്തിൽ ഒരു ഹാൾ പണിയുവാനും ആയി ആകെ 9 ലക്ഷം രൂപ ചെലവ് പ്രതീക്ഷിക്കുന്നു.

ഈ ആവശ്യത്തിലേക്കായി നിങ്ങളുടെ വിലയേറിയ പ്രാർത്ഥനയും സഹകരണവും വ്യക്തിപരമായും സഭയായും ഉണ്ടാകണമെന്ന് കർതൃനാമത്തിൽ താഴ്മയായി അപേക്ഷിക്കുന്നു.

എന്ന് സഭയ്ക്കു വേണ്ടി സഹോദരന്മാർ

ടി.ജി രാജു, ഇ.വി. യോഹന്നാൻ

N.B. ഈ ആവശ്യത്തിലേക്കായി SBI മാനന്തവാടി ശാഖയിൽ ഒരു ജോയന്റ് അക്കൗണ്ട് ആരംഭിച്ചിട്ടുണ്ട്.

A/C - 32345820253
IFS Code SBIN: 0010699

വിലാസം :

Emmanuel Brethren Church
C/o. T.G. Raju, Thakarakandathil House,
Payyampally P.O., Thannikkal,
Mananthavady, Wayanad - 670 721

## പ്രാർത്ഥനയ്ക്കും സ്തോത്രത്തിനും

**കോട്ടയം** : വാകത്താനം, പിച്ചനാട്ടുകുളം ബ്രദറൺ സഭയിൽ നിന്നും സുവിശേഷ വേലയ്ക്കായി വേർതിരിക്കപ്പെട്ട സുവി. കെ.സി. സാബു, കാഞ്ഞിരപ്പള്ളിക്ക് അടുത്ത് കൂവപള്ളിയിൽ കുടുംബമായി താമസിച്ച് കൂവപള്ളിയിലും പരിസരപ്രദേശങ്ങളിലുമായി സുവിശേഷ പ്രവർത്തനങ്ങൾ ചെയ്തു വരുന്നു. ഏപ്രിൽ മാസം 26-28 തീയതികളിൽ വിബിഎസും അതിനോടനുബന്ധിച്ച് രാത്രിയോഗങ്ങളും ഫിലിം പ്രദർശനവും നടത്തുവാൻ കർത്താവ് സഹായിച്ചു. അൻപത് കുട്ടികൾ വിബിഎസിൽ പങ്കെടുത്തു. ഇവർക്കായി എല്ലാ ആഴ്ചകളിലും ചിൽഡ്രൻസ് ക്ലബ്ബ് നടത്തി വരുന്നു. മെയ് മാസം 25-ാം തീയതി ഈ കുട്ടികൾക്ക് ആശാനികേതൻ മിനിസ്ട്രിയുടെ സഹായത്തോടെ പഠനസഹായികൾ വിതരണം ചെയ്യുവാൻ ഇടയായി.

ഒരു സ്ഥലം സഭാ കൂടിവരവ് ലക്ഷ്യമാക്കി വിവിധ പ്രവർത്തനങ്ങൾ ഇവിടെ നടത്തി വരുന്നു. ഈ പ്രവർത്തനങ്ങളെയും സഹോദരനെയും കുടുംബത്തെയും പ്രാർത്ഥനയിൽ ഓർത്താലും.

എന്ന് സഭയ്ക്ക് വേണ്ടി,
യോഹന്നാൻ നെടുങ്ങമൂല, ടി.പി. ബാബു

സഹോദരന്റെ വിലാസം :

K.C. Sabu, Beith - Shaar
Koovappally P.O., Kanjirappally -686518,
Ph : 9746101039

## സ്തോത്രത്തിനും പ്രാർത്ഥനയ്ക്കും

**ഇഞ്ചകുണ്ട്:** ദൈവകൃപയാൽ മോചനം ഗോസ്പൽ ടീമിന്റെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി നടക്കുന്നു. ഭവനസന്ദർശനം, പരസ്യയോഗങ്ങൾ, ബൈബിൾ ക്ലാസ്സുകൾ, കൺവെൻഷനുകൾ, സംഗീത ശുശ്രൂഷ മുതലായവ സ്ഥലം സഭകളുടെ സഹകരണത്തോടെ നടന്നു വരുന്നു. സഭകൾ താല്പര്യപ്പെടുന്ന പക്ഷം അതാതു പ്രദേശങ്ങളിൽ വന്ന് ശുശ്രൂഷകൾ ചെയ്യുന്നു. കഴിഞ്ഞ നാളുകളിൽ നടത്തിയ ദൈവത്തിനു മഹത്വം കരേറ്റുന്നതോടൊപ്പം പ്രവർത്തനങ്ങൾ ആവശ്യമുള്ളവർ ബന്ധപ്പെടേണ്ട വിലാസം ചുവടെ ചേർക്കുന്നു.

എന്ന് ടീമിനു വേണ്ടി ക്രിസ്തുവിൽ സഹോദരന്മാർ

എം. എൻ ശശി, ബ്രദർ. സി. ആർ സുരധരൻ, സുവി. എം.ആർ. ഷൈജു

വിലാസം :

Mochanam Gospel Team
C/o. M. N. Sasi, Maniparambil House,
Chengalur Via, Injakundu P.O.,
Thrissur - 680312
Ph : 0480 2780732, 9495196732, 9947707989

## വരിസംഖ്യ അയയ്ക്കുന്നവരുടെ ശ്രദ്ധയ്ക്ക്

വേർപാട് വാർത്താപത്രികയുടെ വരിസംഖ്യ അയക്കുന്നവർ കഴിവതും മണിയോർഡർ ആയി അയക്കുക. 150 രൂപയ്ക്കു പലരും ചെക്കയക്കുന്നത് ബാങ്ക് കമ്മീഷൻ കഴിഞ്ഞ് ചെറിയ തുകയേ ലഭിക്കുന്നുള്ളൂ. വേർപാട് വാർത്താപത്രികയോട് കാണിക്കുന്ന സഹകരണത്തിനും പ്രോത്സാഹനത്തിനും നന്ദി അറിയിക്കുന്നു. കർത്താവ് നിങ്ങളെ അനുഗ്രഹിക്കട്ടെ.

## മഹത്വത്തിൽ

**കിളിവയൽ** : സഹോ. ജെയിംസ് കുഞ്ഞുക്കുട്ടി ജൂൺ 10 ന് കർത്ത്യസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 14-നു സംസ്ക്കരിച്ചു.

ശേഷം പേജ് 11 ▶

# വേർപാട് വിവാഹ വേദി
## Verpad Matrimonial

ബ്രദറൺ സഭാംഗങ്ങളായ യുവതീയുവാക്കൾക്കു തങ്ങളുടെ ജീവിത പങ്കാളികളെ കണ്ടെത്താൻ സഹായിക്കുന്ന പംക്തി. വിവാഹാനുബന്ധമോ, വിവാഹശേഷമോ ഉണ്ടാകുന്ന യാതൊരു വിധ വിഷയങ്ങളിലും 'വേർപാട്' ഉത്തരവാദി ആയിരിക്കില്ല. ആകയാൽ വിശദമായ അന്വേഷണങ്ങൾ കുടുംബങ്ങളും സ്ഥലം സഭകളും നടത്തേണ്ടതാണ്. വിവാഹ ആലോചനകളിൽ വിശ്വസ്തതയും സത്യസന്ധതയും കാത്തു സൂക്ഷിച്ചാൽ മക്കളുടെ കുടുംബജീവിതം സന്തുഷ്ടമാകും.

**Box. No. F 20612**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവതി 26 വയസ്, 159 സെ.മീ ഉയരം, ഇരുനിറം B. Pharm. ഫാർമസിസ്റ്റായി ജോലി ചെയ്യുന്നു. അനുയോജ്യരായ ബ്രദറൺ യുവാക്കളുടെ മാതാപിതാക്കന്മാരിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. (ഫോൺ : 0481 – 2701263, 9446459263)

**Box. No. F 70612**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവതി 26 വയസ്, 5 അടി ഉയരം, ഇരുനിറം, എസ്.എസ്.എൽ.സി. വിദ്യാഭ്യാസം. ദത്തു നിൽക്കാൻ താല്പര്യമുള്ള ബ്രദറൺ യുവാക്കന്മാരുടെ മാതാപിതാക്കളിൽ നിന്നും ആലോചകൾ ക്ഷണിക്കുന്നു. (ഫോൺ : 0464– 2689239, 9947955126)

**Box. No. M 30512**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവാവ് 30 വയസ്, 165 സെ.മീ ഉയരം, ഇരുനിറം ബി.എസ്.സി മൈക്രോബയോളജി, ഫാർമസി അസിസ്റ്റന്റായി ജോലി ചെയ്യുന്നു. അനുയോജ്യരായ ബ്രദറൺ യുവതികളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. (ഫോൺ : 0469 2615467)

**Box. No. F 170612**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ കൂട്ടായ്മയിലുള്ള യുവതി 24 വയസ്, വെളുത്ത നിറം, M.Tech., 5 അടി. ഉയരം അനുയോജ്യരായ ബ്രദറൺ യുവാക്കളുടെ മാതാപിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. (0471–3043232)

**Box No. M15512**

രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ സഭാ കൂട്ടായ്മയിലുള്ള യുവാവ് 26 വയസ്സ്, 5.8 ഉയരം, വെളുത്ത നിറം ജനറൽ നഴ്സായി ജോലി ചെയ്യുന്നതിനോടൊപ്പം ബി.എസ്.സി. നഴ്സിംഗ് പഠിക്കുകയും ചെയ്യുന്നു. രക്ഷിക്കപ്പെട്ട് സ്നാനപ്പെട്ട് ബ്രദറൺ സഭാ കൂട്ടായ്മയിലുള്ള നഴ്സിംഗ് ജോലിയുള്ള യുവതികളുടെ രക്ഷിതാക്കളിൽ നിന്നും ആലോചനകൾ ക്ഷണിക്കുന്നു. (04735 264570)

## വേർപാട് വിവാഹവേദി ഇന്റർനെറ്റിലും

ഞങ്ങളുടെ വെബ്സൈറ്റിലും WWW. BrethrenAssemblyNews.Com-ൽ വേർപാട് വിവാഹ വേദി ലഭ്യമാണ്. പരസ്യം നൽകുവാനും ജീവിത പങ്കാളികളെ കണ്ടെത്തുവാനും ഈ സുവർണ്ണാവസരം പ്രയോജനപ്പെടുത്തുക. പരസ്യം തപാൽ വഴിയോ ഇമെയിൽ വഴിയോ അയക്കാവുന്നതാണ്. ബ്രദറൺ വിശ്വാസികളുടെ പരസ്യം മാത്രമേ പ്രസിദ്ധീകരിക്കുകയുള്ളൂ.

# VERPAD MATRIMONIAL

## APPLICATION FORM

Box No. ☐☐☐☐☐☐☐☐

| | | |
|---|---|---|
| Name | : | ........................................................................................ |
| Sex | : | Male/female |
| Age | : | .................................... Date of Birth:................................ |
| Full Address with pin code | : | ........................................................................................ |
| | | ........................................................................................ |
| Fathers name and occupation | : | ........................................................................................ |
| Mothers name and occupation | : | ........................................................................................ |
| | | Phone:.............................Mob:........................................ |
| | | Email:................................................................................... |
| Height | : | .................................... Weight : .................................... |
| Complexion | : | ☐ Very fair ☐ fair ☐ wheatish ☐ Dark |
| Education | : | ..................................................................................... |
| Occupation | : | ..................................................................................... |
| Marital Status | : | Married/unmarried/widowed |
| Handicaps | | Physical/mental Handicaps/ Regular drugs (If any please explain) |
| | | ........................................................................................ |
| Mother Assembly | : | ........................................................................................ |
| Name of two elders and contact Nos. | : | ........................................................................................ |
| | | ........................................................................................ |
| Present Assembly | : | ........................................................................................ |
| Name of two elders of the assembly | : | ........................................................................................ |
| | | ........................................................................................ |
| ***Partner preference*** | | Age.............................. Height .............. weight.................. |
| | | Education..................... Occupation.................................... |
| | | India..............................Or Abroad.................................. |

I do hereby agree to publish this advertisement in Verpad magazine/BrethrenAssemblyNews.com/ Both. And I understand that the news is published only for a Brethren proposal. Also I understand that I am liable to inform the verpad office once my marriage is fixed.

Name and Signature of Applicant:..........................................................................................

Name and signature of father or responsible person :...................................................................

**തൃശ്ശൂർ** : സഹോ. സി.ടി. തോമസ് (83) ജൂൺ 11 നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 14 -നു സംസ്ക്കരിച്ചു.

**ചാലപ്പിള്ളി** : സുവി. സി.സി. മാത്യു (82) ജൂൺ 10 നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 12 നു സംസ്ക്കരിച്ചു.

**തൃശ്ശൂർ** : സഹോ. കെ.സി. ജോൺസൺ വാഹനാപകടത്തെ തുടർന്നു ജൂൺ 1-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം അന്നു തന്നെ സംസ്ക്കരിച്ചു.

**തിരുവല്ല** : സഹോ. എ.ജി. തോമസ് മേൽപാടം ജൂൺ 11 നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം ജൂൺ 16 നു സംസ്ക്കരിച്ചു.

**താളിക്കോട്** : സഹോ. കെ.കെ. മത്തായി ജൂൺ 9-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. മൃതദേഹം 10 നു സംസ്ക്കരിച്ചു.

**ഇലഞ്ഞിപ്ര** : സഹോ. നൈനാൻ ബേബി ജൂൺ 6-നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

**മധുര** : സഹോദരി എസ്ഥേർ സ്റ്റീഫൻ ജൂൺ 4 നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

**പുല്ലാട്** : മറിയാമ്മ വർഗ്ഗീസ് (91) ജൂൺ 13 നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

**പുതുപ്പള്ളി** : കെ. ജേക്കബ് ആൻഡ്രൂസ് (59) ജൂൺ 16 നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

**തൃശ്ശൂർ** : മാറ്റാംപുറം ബ്രദറൺ സഭാംഗമായ മറിയാമ്മ തോമസ് ജൂൺ 17 നു കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

**കോട്ടയം** : കെ.കെ. വർഗ്ഗീസ് (79) ജൂൺ 23 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.

## സ്നാനശുശ്രൂഷ

**വാളകം** : കടമറ്റം ബ്രദറൺ സഭയിൽ 2012 ജൂൺ 17 നു നടന്ന സ്നാനശുശ്രൂഷയിൽ മൂന്നുപേർ സ്നാനപ്പെട്ടു. പൈങ്ങോട്ടൂരിൽ പ്രവർത്തിക്കുന്ന സുവി. ഓ.എസ്. ചന്ദ്രൻ സാനാനശുശ്രൂഷ നിർവ്വഹിച്ചു. കടമറ്റം സഭയെയും പ്രവർത്തനങ്ങളെയും ദൈവമക്കൾ പ്രാർത്ഥനയിൽ ഓർത്താലും.



## എസ്.ബി.എസ് തൃശ്ശൂർ സെൻ്റർ ക്യാമ്പ് 2012 ആഗസ്റ്റ് 27 മുതൽ 31 വരെ

**നെല്ലിക്കുന്ന്** : സുവിശേഷകൻ ബാലസംഘം തൃശ്ശൂർ സെൻ്റർ ക്യാമ്പ് 2012 ഓഗസ്റ്റ് 27 തിങ്കൾ മുതൽ 31 വെള്ളി വരെ നെല്ലിക്കുന്ന് സീയോൻ ബ്രദറൺ ചർച്ചിൽ വച്ചു നടക്കും. സഹോദരന്മാരായ ഏബ്രഹാം തോമസ് (കൊച്ചി), റെജി. കെ. തോമസ് (നെല്യാടി), ഡോ. ജോൺ ഏബ്രഹാം (തിരുവനന്തപുരം), ബിജു കണ്ണൻ (ഇരിങ്ങാലക്കുട) എന്നിവർ പ്രധാനലീഡേഴ്സായിരിക്കും. എല്ലാ നടപ്പിലും വിശുദ്ധരാകുവിൻ എന്നതാണ് ക്യാമ്പ് തീം. ഗ്രൂപ്പടിസ്ഥാനത്തിലുള്ള വേദമത്സരങ്ങളും വേദവിജ്ഞാനവും ഉണ്ടായിരിക്കും. ക്യാമ്പിൻ്റെ അനുഗ്രഹത്തിനായി ദൈവജനം പ്രാർത്ഥിക്കണമെ. സാമ്പത്തിക സഹായം അയയ്ക്കേണ്ട വിലാസം : Boby Abraham, Puttumolayil, Nethaji Road, Nellikkunnu, Thrissur - 5, Tel : 9961608158. ചെക്കുകളും ഡ്രാഫ്റ്റുകളും സുവിശേഷകൻ ബാലസംഘം എന്ന പേരിൽ അയച്ചാലും. കൂടുതൽ വിവരങ്ങൾക്ക് - ഡോ. ബിനോയ് വർഗ്ഗീസ് - 9846011141.

## വൈ. എം. ഇ. എഫ് വാളകം യൂണിറ്റിനു പുതിയ ഭാരവാഹികൾ

**കടമറ്റം** : 2012 മെയ് 26നു കടമറ്റം ബ്രദറൺ സഭാഹാളിൽ നടന്ന പൊതു സമ്മേളനത്തിൽ വെച്ച് വൈ.എം.ഇ.എഫ് വാളകം യൂണിറ്റിന് പുതിയ ഭാരവാഹികളെ തിരഞ്ഞെടുത്തു.

| | | |
|---|---|---|
| പ്രസിഡൻ്റ് | : | സാംസൺ ശാമുവേൽ, മുളന്തുരുത്തി (9605001818) |
| സെക്രട്ടറി | : | ഡോ. മർക്കോസ് ഒ.കെ., കോലഞ്ചേരി (9447182899) |
| ജോ.സെക്രട്ടറി | : | വി.വി. ജോസ്, മുളന്തുരുത്തി(9747486845) |

മിനി ക്യാമ്പുകൾ, ഏകദിന സുവിശേഷ പ്രവർത്തനങ്ങൾ, ഏകദിന സമ്മേളനങ്ങൾ, പ്രതിമാസ പ്രാർത്ഥനാ കൂടിവരവുകൾ തുടങ്ങിയ പ്രവർത്തനങ്ങളാണ് വാളകം യൂണിറ്റിൽ നടന്നു വരുന്നത്. പ്രവർത്തനങ്ങൾ നടത്തുവാൻ താൽപര്യമുള്ളവർ മുകളിൽ പരാമർശിച്ചിരിക്കുന്ന സഹോദരന്മാരുമായി ബന്ധപ്പെടുക. വൈ.എം.ഇ.എഫ് വാളകം യൂണിറ്റിൻ്റെ പ്രവർത്തനങ്ങളെ ഓർത്തു പ്രാർത്ഥിക്കുകയും സഹകരിക്കുകയും ചെയ്താലും

സ്വ.ലേ




# ആവർത്തന പുസ്തകം

യിസ്രായേൽ ജനത്തിന്നു മോശെ മുഖാന്തരം ദൈവം അരുളിച്ചെയ്യുന്ന കല്പനകൾ. സീനായ് മലയിൽ വെച്ച് നൽകപ്പെട്ട വചനം ആവർത്തിച്ചു നൽകുന്നു. കല്പനകളും അവ അനുസരിക്കുന്നവർക്കുള്ള അനുഗ്രഹങ്ങളും മത്സരികൾക്കുള്ള ശാപവും വെളിപ്പെടുന്നു.

**ഗ്രന്ഥകാരൻ** – മോശെ (1:1)

**എഴുതിയ കാലയളവ്** – യിസ്രായേൽ ജനം വാഗ്ദത്ത നാട്ടിൽ പ്രവേശിക്കുന്നതിനു മുമ്പ്. ഏകദേശം 1410 ബി.സി.

**താക്കോൽ വാക്യം** : ആവ : 4:2, 6:4 –7; 32:46–47

**രേഖാരൂപം**

1. ചരിത്രപരമായ സന്ദേശം 1–4
2. നിയമപരമായ സന്ദേശം 5–26
3. പ്രവചനപരമായ സന്ദേശം 27–30
4. മോശയുടെ അവസാനവാക്കുകളും മരണവും 31–34

**പ്രധാനവിഷയങ്ങൾ**

ഉടമ്പടിയുടെ ദൈവം (4:35,16:18; 10:17; 5:9; 6:24; 1:31)

ഉടമ്പടിയോടു യിസ്രായേലിനുള്ള കടപ്പാട് (8:1;6:5; 6:13; 11:18 ; 4:9)

ഉടമ്പടി പാലിക്കുന്നതിന്റെ ഗുണങ്ങൾ (7:22; 28:3; 28:4; 5:16)

ഉടമ്പടി ലംഘിക്കുന്നതിന്റെ ഫലങ്ങൾ (28:20, 38 –40. 21)

ദൈവത്തോടു നമുക്കുള്ള ബന്ധം വ്യക്തിപരവും, സജീവവും ആയിരിക്കണമെന്നും ദൈവിക കല്പനകൾ പിൻപറ്റിയുള്ള നടപ്പ് അനിവാര്യമാണെന്നും ഈ പുസ്തകം നമ്മെ ഓർപ്പിക്കുന്നു. ആരാധനയുടെ അനുഗ്രഹീതമായ ചിത്രവും ഈ പുസ്തകത്തിൽ കാണാം. ദൈവം കാണിച്ച മാതൃകപ്രകാരം വിശുദ്ധിയോടുംപ ൂർണ്ണമനസ്സോടുംഅ ർപ്പിക്കേണ്ടതാണ്ആ രാധനഎ ന്നപ ാഠംഇ ൗപ ുസ്തകം നമുക്കു തരുന്നു. ദൈവത്തിന്റെ സർവ്വാധികാരവും തന്റെ ജനത്തോടുള്ള വിശ്വസ്തതയും ഈ പുസ്തകത്തിൽ നിഴലിച്ചു കാണുന്നു. പകരം തന്നോടുള്ള സമ്പൂർണ്ണ സമർപ്പണം തന്റെജ നത്തിൽന ിന്നുംമ ദൈവംപ്ര തീക്ഷിക്കുന്നു എന്ന സത്യവും ഇതിൽ വെളിപ്പെടുന്നു.

## ശ്രദ്ധയ്ക്ക്

വേർപാട് ക്വിസിൽ 10 മുതൽ 84 വയസ്സ് വരെ പ്രായമുള്ള സഹോദരീ സഹോദരന്മാർ പങ്കെടുക്കുന്നു എന്നതിൽ ഞങ്ങൾ സന്തോഷിക്കുന്നു. ലളിതവും അതേ സമയം പഠനത്തിനുപകരിക്കത്തക്ക നിലയിലുമാണ് ക്വിസ് തയ്യാറാക്കിയിരിക്കുന്നത്. കഴിഞ്ഞ ലക്കങ്ങളിൽ 10 ൽ കൂടുതൽ ഉത്തരങ്ങൾ ശരിയാക്കിയവരുടെ പേരുകളും ചേർത്തിരുന്നു. സ്ഥലപരിമിതി മൂലം അടുത്ത ലക്കം മുതൽ എല്ലാം ശരിയുത്തരം നൽകുന്നവരുടെ പേരുകൾ മാത്രമേ ചേർക്കുകയുള്ളൂ. 12 ലക്കവും തുടർച്ചയായി ഉത്തരം ശരിയാക്കുന്നവർക്കുപ്ര ത്യേകസ മ്മാനങ്ങളും,ഉ ത്തരങ്ങൾ1 2ല ക്കങ്ങളിൽശ രിയാക്കുന്നവർക്കു പ്രോത്സാഹന സമ്മാനങ്ങളും നൽകുന്നതാണ്. ആകയാൽ എല്ലാ മാസവും ഉത്തരം അയയ്ക്കുക. കഴിഞ്ഞ ലക്കങ്ങളിൽ സഹകരിച്ച എല്ലാവർക്കും നന്ദി

(ക്വിസ് മാസ്റ്റർ)



# ബൈബിൾ പ്രവചനങ്ങളുടെ പ്രയോജനം

ഡോ. ജോൺസൺ സി. ഫിലിപ്പ്

**ബൈ**ബിൾ പ്രവചനരംഗത്തു നടമാടുന്ന വൈകാരിക അഭ്യാസങ്ങൾ മൂലം പല വേദപഠിതാക്കളും നിരാശരാണ്. പ്രവചനപണ്ഡിതരെന്നു സ്വയം അവകാശപ്പെട്ടുകൊണ്ട് കഴിഞ്ഞ 50-ൽ പരം വർഷങ്ങളായി ഇക്കൂട്ടർ അവതരിപ്പിച്ച കാര്യങ്ങൾ തികച്ചും വ്യാജമാണ്. ഇക്കൂട്ടരുടെ വൈകാരിക പ്രഹസനങ്ങളിൽ പെട്ട് പലരും പഠനം ഉപേക്ഷിച്ചു. പലരും തങ്ങളുടെ കർത്തവ്യങ്ങൾ ത്യജിച്ചു. കർത്താവ് എത്രയും വേഗം വരുമെന്നതുകൊണ്ട് ഒന്നും ചെയ്യേണ്ടതില്ല എന്ന നിഗമനത്തിൽ പലരും എത്തി. സാഹചര്യങ്ങളിൽ നിന്നും ഒളിച്ചോടിയ അവർ തങ്ങളുടെ ജീവിതം നശിപ്പിച്ചു.

പ്രവചനം എന്നതു മാസ്മരിക തലത്തിലുള്ള ഒരഭ്യാസ പ്രകടനമല്ല. മറ്റേതൊരു വിഷയത്തെയും പോലെ വസ്തുനിഷ്ഠമായി പഠിക്കേണ്ട ഒന്നാണ് പ്രവചനം. വളരെ ഗൗരവത്തോടെ പഠിപ്പിക്കേണ്ടതും പഠിക്കേണ്ടതുമായ വിഷയമാണ് പ്രവചനം. പ്രവചനത്തെ ക്രമീകൃതമായി പഠിപ്പിക്കുന്ന പ്രഗത്ഭരായ പലരെയും ദൈവം വേർപാട് സമൂഹത്തിന് കഴിഞ്ഞ കാലങ്ങളിൽ ദാനം ചെയ്തിട്ടുണ്ട്. എന്നാൽ മനസ്സിനെ വശീകരിക്കുന്ന തന്ത്രങ്ങളുമായി കള്ള പ്രവാചകരും നുഴഞ്ഞു കയറിയിട്ടുണ്ടെന്നതും പ്രവചനപഠനത്തെഗ ൗരവമായിക ാണുന്നവ ിശ്വാസികൾക്കുമ നസ്സിലാക്കാവുന്നതാണ്.േ വദപുസ്തക പ്രവചനത്തെ വസ്തുനിഷ്ഠമായും ക്രമീകൃതമായും പഠിപ്പിക്കുന്ന അദ്ധ്യാപകരെ വിശ്വാസികൾ ശ്രദ്ധയോടെ കേൾക്കണം. അതു ആത്മീക സമർപ്പണത്തിലേക്കും സമൃദ്ധിയിലേക്കും നമ്മെ നയിക്കും.

ദൈവമക്കൾ എന്തുകൊണ്ട് പ്രവചനം ക്രമീകൃതമായി പഠിക്കണം എന്നതു സംബന്ധിച്ച് ചില ഉൾക്കാഴ്ചകൾ തിരുവചനവെളിച്ചത്തിൽ നൽകുവാൻ ഞാനാഗ്രഹിക്കുന്നു.

**1.ബൈബിൾ ദൈവവചനമാണെന്നതിനു മതിയായ തെളിവുകൾ പ്രവചനപഠനത്തിലൂടെ ലഭിക്കുന്നു**

സകലതും ചോദ്യം ചെയ്യപ്പെടുന്ന ഒരു കാലഘട്ടത്തിലാണ് നാം ജീവിക്കുന്നത് ഭൗതിക കാര്യങ്ങൾ എന്ന പോലെ ആത്മീക വിഷയങ്ങളും ചോദ്യം ചെയ്യപ്പെടുന്നു. നമ്മുടെ മക്കൾ സാമൂഹ്യജീവിതത്തിൽ പ്രവേശിക്കുന്ന ഒന്നാം നാൾ മുതൽ തന്നെ ചോദ്യം ചെയ്യൽ നേരിടുന്നു. ബൈബിളിന്റെ ദൈവശ്വാസീയതയും വിശ്വാസ്യതയും സംബന്ധിച്ച ചോദ്യമാണ് ആദ്യം ഉയർന്നു വരുന്നത്.

നമ്മുടെ മക്കൾ ബൈബിളിനെ ചോദ്യം ചെയ്യാറില്ല. എന്നാൽ ഇന്നത്തെ സാമൂഹിക ചുറ്റുപാടുകൾ അവരിൽ ബൈബിളിന്റെ വിശ്വാസ്യത സംബന്ധിച്ച സംശയങ്ങൾ ഉളവാക്കാം. പ്രവചനം ക്രമീകൃതമായി പഠിക്കുന്നതിലൂടെ ദൈവം പ്രപഞ്ചത്തെ നിയന്ത്രിക്കുന്നതു സംബന്ധിച്ച വ്യക്തമായ ബോദ്ധ്യം നമ്മുടെ മക്കൾക്കുണ്ടാകുവാൻ ഇടയാകും. യുവതലമുറ വിശ്വാസത്തിൽ അടിയുറച്ചു മുന്നേറുവാൻ ക്രമീകൃത പ്രവചനപഠനം ഉപകരിക്കുന്നു.

**2. ദൈവത്തിലുള്ള വിശ്വാസത്തിന്റെ ഉറപ്പ് പ്രവചനപഠനത്തിലൂടെ സാധിക്കുന്നു.**

ക്രമീകൃതമായ പ്രവചനപഠനം ആത്മീക വർദ്ധനയ്ക്കും പ്രത്യാശയുടെ സ്ഥിരതയ്ക്കും മുഖാന്തരമാകുന്നു. ചരിത്രത്തിലുള്ള ദൈവിക പദ്ധതിയെക്കുറിച്ചു പഠിക്കുന്നതു നമ്മുക്കാത്മിക വർദ്ധനവരുത്തും. പഴയ നിയമ പ്രവാചകന്മാർ നിരവധി സ്ഥലങ്ങളെക്കുറിച്ച് പ്രവചിച്ച കാര്യങ്ങൾ നാം തിരുവെഴുത്തിൽ കാണുന്നു. അതു സത്യമെന്നു പുരാവസ്തു ഗവേഷണത്താലും ചരിത്രപഠനത്താലും നമുക്കു ബോധ്യമാകുന്നു. തന്മൂലം ഓരോ കാലങ്ങളിലുമുള്ള ദൈവിക പദ്ധതി മനസ്സിലാക്കാൻ പ്രവചനപഠനം നമുക്ക് ഉപകരിക്കുന്നു.

**3. വലിയ സമാധാനം പ്രാപിക്കുവാൻ പ്രവചനപഠനം ഉപകരിക്കുന്നു.**

സങ്കീർണ്ണതകൾ നിറഞ്ഞ ഒരു ലോകത്തിലാണ് നാം ജീവിക്കുന്നത്. യുദ്ധങ്ങളും, യുദ്ധങ്ങൾക്കുള്ള ഒരുക്കങ്ങളും യുദ്ധശ്രുതികളും നാം കേട്ടുകൊണ്ടിരിക്കുന്നു. രണ്ടു ലോകമഹായുദ്ധങ്ങൾ കൊണ്ടും അസംഖ്യം ചെറുയുദ്ധങ്ങൾ കൊണ്ടും മനുഷ്യൻ പാഠം പഠിച്ചിട്ടില്ല. തന്മൂലം ക്രിസ്ത്യാനികൾക്കും അക്രൈസ്തവർക്കും യാതൊരു പ്രത്യാശയും ഈ ലോകത്തിൽ ലഭിക്കുന്നില്ല. സമാധാനപരമായ ഒരന്തരീക്ഷത്തിലേക്കുള്ള പാതയല്ല നാം കാണുന്നത്. രാഷ്ട്രീയമായും മതപരമായും വർഗ്ഗീയമാ

യുള്ള പോരാട്ടങ്ങൾക്കുള്ള പുറപ്പാടാണ് എവിടേയും കാണുന്നത്. എന്നാൽ, പ്രവചനം ക്രമീകൃതമായി പഠിക്കുന്ന ഒരു വ്യക്തിക്ക് ലോക സംഭവങ്ങൾ എല്ലാം വചനാനുസൃതം നടക്കുന്നുവെന്നും, ആസന്നഭാവിയിൽ സമാധാനം ഭൂമിയിൽ വരുമെന്നും മനസ്സിലാകും. തീത്തോസ് 2:12ൽ നാം വായിക്കുന്നു. "നാം ഭാഗ്യകരമായ പ്രത്യാശയ്ക്കായിട്ടും മഹാ ദൈവവും നമ്മുടെ രക്ഷിതാവുമായ യേശുക്രിസ്തുവിന്റെ തേജസ്സിന്റെ പ്രത്യക്ഷതയ്ക്കായിട്ടും കാത്തുകൊണ്ട്" 1 തെസ്. 5:9-11 ൽ നാം ഇപ്രകാരം വായിക്കുന്നു. " ദൈവം നമ്മെ കോപത്തിനല്ല, നാം ഉണർന്നിരുന്നാലും ഉറങ്ങിയാലും തന്നോടു കൂടെ ജീവിക്കേണ്ടതിനു നമുക്കു വേണ്ടി മരിച്ച നമ്മുടെ കർത്താവായ യേശുക്രിസ്തു മൂലം രക്ഷയെ പ്രാപിപ്പാനത്രേ നിയമിച്ചിരിക്കുന്നത്". ഈ നിലയിൽ പ്രതിസന്ധികൾ നിറഞ്ഞ ഭൂമിയിൽ പ്രത്യാശയും ആശ്വാസവും നൽകാൻ തിരുവചനത്തിനു സാധിക്കുന്നു.

**4. സുവിശേഷീകരണത്തിന് ഉത്തേജനമായി പ്രവചനപഠനം ഉപകരിക്കുന്നു.**

വർത്തമാനകാലത്തിലും ഭാവികാലത്തിലും പ്രസക്തമായ സന്ദേശത്തിന്റെ പ്രഖ്യാപനമാണല്ലോ സുവിശേഷം. ഭാവികാലത്തെ ആരും കണ്ടിട്ടില്ല എന്നു മാത്രമല്ല മാനുഷികമായി ചിന്തിച്ചാൽ സുവിശേഷീകരണത്തിൽ നാം ഭാവിയിൽ സംഭവിക്കുമെന്നു പറയുന്ന കാര്യത്തിൽ കേൾവിക്കാർക്ക് യാതൊരുറപ്പുമില്ല. എന്നാൽ പ്രവചനം ക്രമീകൃതമായി പഠിക്കുമ്പോൾ, സർവ്വജ്ഞാനിയായ ദൈവത്താൽ നൽകപ്പെട്ട വാഗ്ദത്തം നിറവേറുമെന്ന് ഉറപ്പും ബോദ്ധ്യവും നമുക്കു ലഭിക്കും. സർവ്വജ്ഞാനിയായ ദൈവം തന്റെ പ്രവാചകന്മാരിലൂടെ അരുളിച്ചെയ്ത വചനങ്ങൾ കഴിഞ്ഞ 6000ൽപരം വർഷങ്ങളായി വള്ളിപുള്ളി തെറ്റാതെ നിറവേറുന്നു. ഭാവികാലത്തു സംഭവിക്കുമെന്നു സുവിശേഷ സന്ദേശത്തിൽ പറയുന്ന കാര്യങ്ങളുടെ വിശ്വാസ്യതയ്ക്കു പ്രവചനങ്ങളുടെ പഠനം ഉപകരിക്കുന്നു. ചരിത്രത്തിൽ നിറവേറിയതും ഇന്നു നിറവേറുന്നതുമായ പ്രവചനങ്ങളുടെ പഠനം നാളെ നടക്കാനിരിക്കുന്ന സംഭവങ്ങളുടെ വിശ്വാസ്യതയെ ഊട്ടിയുറപ്പിക്കുന്നു.

**5. പ്രവചനങ്ങൾ ക്രമീകൃതമായി പഠിക്കുന്നതു നിമിത്തം വിശ്വാസികൾക്കു ചതികളിൽ നിന്നും രക്ഷപ്പെടുവാൻ സാധിക്കും.**

കർത്താവ് സ്വർഗ്ഗാരോഹണം ചെയ്തതു മുതൽ തന്റെ പുനരാഗമനത്തിന്നായി ആകാംക്ഷയോടെ കാത്തിരിക്കുകയാണ് ക്രിസ്ത്യാനികൾ. കർത്താവിന്റെ വരവിനായി ഒരുക്കത്തോടെ കാത്തിരിക്കണമെന്ന പ്രബോധനവും തിരുവെഴുത്തു ആവർത്തിച്ചു നൽകുന്നു. എന്നാൽ കഴിഞ്ഞ രണ്ടായിരത്തോളം വർഷങ്ങളായി കള്ളപ്രവാചകന്മാർ കർത്താവിന്റെ വരവിന് ഓരോ ദിവസങ്ങൾ നിശ്ചയിച്ചു ജനങ്ങളെ വഞ്ചിച്ചു വരുന്നു. അവരുടെ വാചക കസർത്തിന്റെ മാസ്മരിക വലയത്തിൽ അകപ്പെട്ടു ജനങ്ങൾ ആ ദിവസങ്ങളിൽ കാത്തിരുന്നു നിരാശരായി. എന്നാൽ തിരുവെഴുത്തിലെ പ്രവചനങ്ങൾ ക്രമീകൃതമായി പഠിക്കുന്നവർ ഇത്തരം കെണികളിലകപ്പെടുകയില്ല. ലൂക്കോസ്2 1:8ൽ ന ാംഇ പ്രകാരംക ാണുന്നു. "ആരും നിങ്ങളെ തെറ്റിദ്ധരിക്കാതിരിപ്പാൻ സൂക്ഷിച്ചു കൊൾവിൻ. ഞാൻ ആകുന്നു എന്നും സമയം അടുത്തിരിക്കുന്നു എന്നും പറഞ്ഞ് അനേകർ എന്റെ പേരെടുത്തു വരും." 1 യോഹ 4:1 ൽ നാം വായിക്കുന്നു. "പ്രിയമുള്ളവരേ, കള്ളപ്രവാചകന്മാർ പലരും ലോകത്തിലേക്കു പുറപ്പെട്ടിരിക്കുകയാൽ ഏതുആ ത്മാവിനേയുംവ ിശ്വസിക്കാതെആ ത്മാക്കൾ ദൈവത്തിൽ നിന്നുള്ളവയോ എന്നു ശോധനചെയ്യുവിൻ." പ്രവചനങ്ങൾ ക്രമീകൃതമായി പഠിക്കുന്ന ഒരു വിശ്വാസിക്ക് കർത്താവിന്റെ വരവ് സംബന്ധിച്ച കള്ളപ്രവചനങ്ങളെ തിരിച്ചറിഞ്ഞ് വഞ്ചനയിൽ നിന്നും ഒഴിഞ്ഞു നിൽക്കാൻ സാധിക്കും.

തിരുവചനവും ഉപദേശവും പഠിക്കേണ്ടതിന്റെ ആവശ്യകത എത്ര വലുതാണെന്നു നമുക്കറിയാമല്ലോ. ആ തിരുവെഴുത്തിൽ ഭാവികാല വിഷയങ്ങൾ സംബന്ധിച്ച പ്രവചനങ്ങൾ നൽകപ്പെട്ടിരിക്കുകയാൽ ക്രമീകൃതമായ പഠനം അനിവാര്യമാണ്. ദൈവം മനുഷ്യനോട് സംവാദിക്കുന്ന പ്രധാന ഉപാധികളിലൊന്നാണ് പ്രവചനം . ആകയാൽ പ്രവചനപഠനം വളരെ ശ്രദ്ധയോടെ കൈകാര്യം ചെയ്യേണ്ടതാണ്. കർണ്ണരസമാകുമാറ് പ്രവചനവ്യാഖ്യാനം നടത്തുന്നതു കേൾക്കുമ്പോൾ വശീകരിക്കപ്പെട്ടുപോകാതെ വചനം അങ്ങനെ തന്നെ പറയുന്നുവോ എന്നു ശോധന ചെയ്യണം.

പ്രവചനം ഒരു നേരംപോക്കല്ല. മനുഷ്യനോടുള്ള ദൈവിക സന്ദേശത്തിന്റെ സുപ്രധാനഭാഗം അതിലുണ്ട്. ആകയാൽ പ്രവചനങ്ങളെ ദൈവജനം പ്രത്യേകം ശ്രദ്ധിക്കണമെന്നും പൊരുൾ വസ്തുനിഷ്ഠമായി മനസ്സിലാക്കണമെന്നും ദൈവം ആഗ്രഹിക്കുന്നു.

പ്രവചനങ്ങളെ വൈകാരികമായി അവതരിപ്പിക്കുന്നവരെ സ്ഥിരമായി ശ്രദ്ധിക്കുകയും, അവരുടെ പുസ്തകങ്ങൾ വായിക്കുകയും ചെയ്താൽ വഴി തെറ്റിപ്പോകാനുള്ള സാധ്യത ഏറെയാണ്. കേൾവിക്കാരെ തനിക്കനുകൂലമായ നിലയിൽ വാചകകസർത്തിലൂടെ വശീകരിക്കുന്ന പ്രവണത പ്രവചന വ്യാഖ്യാനികളിൽ ഉള്ളതുകൊണ്ട് ദൈവമക്കൾ സൂക്ഷിക്കണം.

പ്രവചനം ക്രമീകൃതമായി പഠിക്കുന്നതും, പഠിപ്പിക്കുന്നതും നമ്മുടെ ആത്മീക വർദ്ധനയ്ക്കു മുഖാന്തരമാകും. വചനത്തിന്റെ പരിധിക്കുള്ളിൽ നിന്നുകൊണ്ട് പ്രവചനം ക്രമീകൃതമായി വ്യഖ്യാനിക്കേണ്ടത് ആരോഗ്യകരമായ വേദപഠനത്തിന് അനുപേക്ഷണീയമാണ്.




## സംഖ്യാ പുസ്തകം 19 – 36

1. ഗിലെയാദ് ദേശം പിടിച്ചടക്കി അമോര്യരെ ഓടിച്ചു കളഞ്ഞതാർ?
2. എന്തുകൊണ്ടാണ് മോശയ്ക്കും അഹരോനും കനാൻ നാട്ടിൽ പ്രവേശിപ്പാൻ കഴിയാതെ പോയത്?
3. ഞാൻ അവരുടെ പട്ടണങ്ങൾ ശപഥാർപ്പിതമായി നശിപ്പിക്കും എന്ന് ഏത് പട്ടണത്തെക്കുറിച്ചാണ് പറഞ്ഞത്. ആരാണ് പറഞ്ഞത്? ആ സ്ഥലത്തിന്റെ പേരെന്ത്?
4. ആര് ആരോട് പറഞ്ഞു. അവൻ സ്വന്തപാപത്താൽ അത്രേ മരിച്ചത്. അവന് പുത്രന്മാർ ഉണ്ടായിരുന്നതുമില്ല.
5. അബദ്ധവശാൽ കൊല ചെയ്തവർ ഓടി പോകേണ്ട പട്ടണങ്ങൾക്ക് പറയുന്ന പേരെന്ത്? ഓടിപ്പോയവൻ എത്രനാൾ അവിടെ തന്നെ പാർക്കണം.
6. എവിടെയൊക്കെ നിന്നാണ് ബിലെയാം യിസ്രായേൽ മക്കളെ കണ്ടത്?
7. ഏത് മലയിൽ വെച്ചാണ് മോശ കനാൻ ദേശം കണ്ടത്?
8. അഹരോനും, മിര്യാമും മരിച്ച സ്ഥലങ്ങൾ ഏവ? അഹരോൻ എത്രാം വയസ്സിലാണ് മരിച്ചത്?
9. ജനശ്രേഷ്ഠന്മാർ ചെങ്കോൽ കൊണ്ടും ദണ്ഡുകൾ കൊണ്ടും കുത്തിയ കിണർ ഉണ്ടായിരുന്നതെവിടെ?
10. ഭക്തന്മാർ മരിക്കും പോലെ മരിക്കാൻ ആഗ്രഹിച്ച വ്യക്തിയുടെ പേരെന്ത്? അദ്ദേഹം എങ്ങനെയാണ് മരിച്ചത്?
11. ഫിനെഹാസ് ആരെ ഒക്കെയാണ് കൊന്നത്? കൊല്ലുവാൻ കാരണം എന്ത്? അതുകൊണ്ട് ഫിനെഹാസിന് എന്തു ലഭിച്ചു?
12. ഒരു സഹോദരൻ തന്റെ സ്വന്തം സഹോദരന്റെ വസ്ത്രം ഊരി സഹോദരന്റെ മകനെതന്നെ ധരിപ്പിച്ചു – ഏത് സഹോദരനാണ് അതു ചെയ്തത്? ആരെയാണ് ധരിപ്പിച്ചത്? ആരുടെ വസ്ത്രമാണ് ഊരിയത്.

**ഈ ക്വിസിൽ ആർക്കും ചേരാം. ശരിയുത്തരം എല്ലാ മാസവും 30 നു മുമ്പ് ലഭിക്കും വിധം അയക്കുക. ഉത്തരകടലാസിൽ പേര്, വയസ്, തൊഴിൽ, സ്ഥലം സഭ തുടങ്ങിയ വിവരങ്ങൾ ചേർക്കണം. ഓരോ ലക്കവും ഓരോ പുസ്തകത്തിൽ നിന്നുമുള്ള ചോദ്യങ്ങൾ നൽകുന്നു. ഉത്തരങ്ങൾക്കൊപ്പം റഫറൻസ് കൂടി നൽകുക. 12 മാസവും തുടർച്ചയായി ശരിയുത്തരം അയക്കുന്നവർക്കു സമ്മാനങ്ങൾ നൽകുന്നതാണ്.**

**അയയ്ക്കേണ്ട വിലാസം :**

**Quiz Master,** Anand villa,143, Maveli Nagar Cochin University P.O., Ernakulam 682 022

### ലേവ്യ പുസ്തകത്തിന്റെ ഉത്തരം

1. ശെലോമിത്ത് അവൻ തിരുനാമം ദുഷിച്ച് ശപിച്ചു. ലേവ്യ 24:11.
2. അസസ്സേലിന് ചീട്ട് വീണ കോലാട്ട് കൊറ്റനെ ലേവ്യ 16:10
3. മീശായേൽ എത്സാഫാൻ, നാദാബ്, അബീഹൂമും ലേവ്യ 10:4.
4. അതിനോട് അഞ്ചിലൊന്ന് ചേർത്ത് കൊടുക്കേണം. ലേവ്യ 27:31.
5. ആണിന് – 50 ശേക്കൽ വെള്ളി പെണ്ണിന് 30 ശേക്കൽ വെള്ളി ലേവ്യ 27:3.
6. മതിപ്പ് വിലയും അതിന്റെ അഞ്ചിലൊന്നും കൂടെ കൊടുത്തു അതിനെ വീണ്ടെടുക്കേണം വീണ്ടെടുക്കാനില്ലെങ്കിൽ നിന്റെ മതിപ്പ് വിലയ്ക്ക് അതിനെ വില്ക്കേണം. ലേവ്യ 27:26,27
7. മേദസ്സും രക്തവും ലേവ്യ 3:17
8. മൃഗങ്ങളിൽ കുളമ്പു പിളർന്നിരിക്കുന്നതും കുളമ്പ് രണ്ടായി പിരിഞ്ഞിരിക്കുന്നതും അയവിറക്കുന്നതുമായതൊക്കെയും തിന്നാം. ലേവ്യ 11:3
9. അഞ്ചാം സംവത്സരത്തിൻ ലേവ്യ 19:25
10. യോബേൽ സംവത്സരം ലേവ്യ 25:10
11. പാപം ചെയ്തു എന്ന് ഏറ്റ് പറയേണം. പ്രായശ്ചിത്തമായി പാപയാഗം കഴിക്കേണം. ലേവ്യ 5:5,6,7
12. അവളെ തീയിൽ ഇട്ട് ചുട്ടുകളേയണം. ലേവ്യ 21:9

### എല്ലാം ശരിയാക്കിയവർ

1. ജിബിൻ ബില്ലി പോൾ, പോത്താനിക്കാട്
2. റോസമ്മ തോമസ്, തടിയൂർ
3. ബേബി കുര്യാക്കോസ്, കടമറ്റം
4. ജയ്നമ്മ മാത്യു ,കുട്ടമ്പുഴ
5. തങ്കമ്മ ഡാനിയേൽ, തൃശ്ശൂർ
6. ശാന്തമ്മ ജോയ്, കളമശ്ശേരി
7. ലിൻസി ബിബിൻ, കളമശ്ശേരി
8. എലിസബത്ത് സാം, കളമശ്ശേരി
9. മറിയാമ്മ തോമസ്, കുന്നത്തുതാനം
10. ഷീജ ജയൻ, മുളന്തുരുത്തി
11. സുജ ജയിംസ്, കടമറ്റം
12. എലിസബത്ത് ജോസഫ്, തിരുവല്ല
13. ജൂൺ മാത്യൂസ്, പാലക്കാട്
14. മേരി ജോർജ്ജ്
15 സുനി ഷാജി. ദാമൻ
16. എലിസബത്ത് ഷാജു, തൃശ്ശൂർ
17. ഫ്രാൻസീസ് സി.ആർ, കുവൈറ്റ്

### 10, 11 ശരിയാക്കിയവർ

1. കെസിയ ജോർജ്ജ് തിരുവനന്തപുരം
2. മേരി എൻ.വി. പുന്നവേലി
3. ഗ്രേസി ആൽബർട്ട്, പള്ളിക്കര
4. അമ്മിണി ജോർജ്ജ്, പുന്നവേലി
5. കുഞ്ഞുമോൾ തോമസ് പല്ലുകുത്തി
6. മൈക്കിൾ അബ്രഹാം എ., കൊച്ചി
7. ഹെലൻ പി. സാബു, മുളന്തുരുത്തി
8. മെറിൻ പി. സാബു മുളന്തുരുത്തി
9. അഞ്ചു അലോഷ്യസ്, തിരുവനന്തപുരം
10.സാംസൺ എം.ജെ, വൈപ്പിൻ

തുടർച്ച പേജ് 06▶



ഇതുകൊണ്ടാണ്. അനുഗ്രഹത്തിന്റെ ചില വാക്കുകൾ പറയുന്നതിലൂടെ സമൃദ്ധി സുവിശേഷകന്റെ പോക്കറ്റും നിറഞ്ഞു കവിയും. രണ്ടു കൂട്ടരും സംതൃപ്തർ.

ജീവിത വിശുദ്ധിയോ, വേർപാടോ, ക്രമീകൃതമായ വചനപഠനമോ ഇല്ലാതെ ഉണർവ്വിൽ ജീവിക്കുന്ന അനുഭവം. ഇക്കാലങ്ങളിൽ ബ്രദറുകാരിലും ചിലർക്ക് സമൃദ്ധിയുടെ സുവിശേഷത്തോട് താൽപ്പര്യം കൂടി വരുന്നുണ്ട്. ആത്മീക ഉണർവ്വ് അവിടെയാണെന്ന ചിന്തയാണതിന്നു പിന്നിൽ. ഉച്ചത്തിൽ ഹല്ലേലുയ്യ പറയുന്നതും പരിസരം മറന്നു ഉറഞ്ഞുതുള്ളുന്നതുമാണ് ആത്മീക ഉണർവ്വ് എന്ന തെറ്റിദ്ധാരണയാണതിനു പിന്നിൽ. ഉണർവ്വു യോഗങ്ങൾ എന്ന പേരിൽ നടത്തപ്പെടുന്ന ഇത്തരം കൂടിവരവുകളിൽ അനീതിയുടെ മാമോന്റെ (പണം) വിളയാട്ടമല്ലേ നടക്കുന്നത്.

## സുവിശേഷവും സമൃദ്ധിയും സംബന്ധിച്ച് ബൈബിൾ എന്തു പറയുന്നു?

**സുവിശേഷം:** അനുസരണക്കേടു നിമിത്തം പാപിയായി തീർന്നു ദൈവനീതിയുടെ ശിക്ഷാവിധിക്ക് അർഹനായ മനുഷ്യനെ രക്ഷിക്കുവാൻ മനുഷ്യവേഷധാരിയായി പ്രതിപകരമരണം വരിച്ച യേശുക്രിസ്തുവിലൂടെ ലഭിക്കുന്ന രക്ഷയെ കുറിച്ചുള്ള സന്ദേശമാണ് സുവിശേഷം. (2 തിമൊ. 2:8). സുവിശേഷത്തിന്റെ പ്രഥമവും ആത്യന്തികവുമായ ഉദ്ദേശ്യം മനുഷ്യരുടെ ആത്മരക്ഷയാണ്. സാമ്പത്തിക അഭിവൃദ്ധിയോ, രോഗസൗഖ്യമോ അല്ല. വിശ്വസിക്കുന്ന എല്ലാവർക്കും സാമ്പത്തിക അഭിവൃദ്ധിയും നൽകുമെന്നു ദൈവം പറഞ്ഞിട്ടില്ല. സുവിശേഷത്തിന്റെ ലക്ഷ്യം അതല്ല. ദൈവം തന്റെ പരമാധികാരഹിതപ്രകാരം പ്രവർത്തിക്കുന്നു.

**സമ്പത്ത്:** സമ്പത്തു സ്വരൂപിക്കുന്നതു സംബന്ധിച്ച് തിരുവെഴുത്തിൽ പറഞ്ഞിരിക്കുന്ന കാര്യങ്ങൾ ശ്രദ്ധിക്കുക.

**ദൈവത്തേയും പണത്തെയും ഒരുമിച്ചു സേവിക്കാനാവില്ല.** "നിങ്ങൾക്ക് ദൈവത്തെയും, മാമോനെയും സേവിപ്പാൻ കഴികയില്ല." അതുകൊണ്ട് ഞാൻ നിങ്ങളോടു പറയുന്നത് എന്തു തിന്നും എന്തു കുടിക്കും എന്നും നിങ്ങളുടെ ജീവനായിക്കൊണ്ടും എന്തു ഉടുക്കും എന്നു ശരീരത്തിനായി കൊണ്ടും വിചാരപ്പെടരുത്." (മത്താ 6: 24,25)

**ഈ ഭൂമിയിൽ നിക്ഷേപം സ്വരൂപിക്കരുത്.** "പുഴുവും തുരുമ്പും കൊടുക്കയും കള്ളന്മാർ തുരന്നു മോഷ്ടിക്കുകയും ചെയ്യുന്ന ഭൂമിയിൽ നിങ്ങൾ നിക്ഷേപം സ്വരൂപിക്കരുത്. പുഴുവും തുരുമ്പും കൊടുക്കാതെയും കള്ളന്മാർ തുരന്നു മോഷ്ടിക്കാതെയുമിരിക്കുന്ന സ്വർഗ്ഗത്തിൽ നിക്ഷേപം സ്വരൂപിക്കുവിൻ." (മത്താ. 6:19–21)

**ഉള്ളതു കൊണ്ട് തൃപ്തിപ്പെടുക:** "നിങ്ങളുടെ നടപ്പ് ദ്രവ്യാഗ്രഹമില്ലാത്തതായിരിക്കട്ടെ, ഉള്ളതുകൊണ്ട് തൃപ്തിപ്പെടുവിൻ." (എബ്രാ. 13:5).

**ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിന്നും ഹേതുവാകുന്നു:** "ദ്രവ്യാഗ്രഹം സകലവിധ ദോഷത്തിന്നും മൂലമല്ലോ. ഇതു ചിലർ കാംക്ഷിച്ചു വിശ്വാസം വിട്ടു ഴന്നു ബഹു ദുഃഖങ്ങൾക്കു അധീനരായിത്തീർന്നിരിക്കുന്നു." (1 തിമൊ. 6:10).

**ഇവിടെ നിന്നും യാതൊന്നും കൊണ്ടുപോകുവാൻ സാധ്യമല്ല.** "ഇഹലോകത്തിലേക്കു നാം ഒന്നും കൊണ്ടുവന്നിട്ടില്ല. ഇവിടെ നിന്നു യാതൊന്നും കൊണ്ടുപോകുവാൻ കഴിയുന്നതുമല്ല. ഉണ്മാനും ഉടുക്കാനും ഉണ്ടെങ്കിൽ മതി എന്നു വിചാരിക്ക" (1 തിമൊ. 6:7,8).

മനുഷ്യന്റെ ദൈനംദിന ആവശ്യങ്ങൾക്കായി അവൻ അധ്വാനിക്കയും ഫലം ദൈവം നൽകുകയും ചെയ്യും. എന്നാൽ ദ്രവ്യാഗ്രഹം മൂത്ത് ധനികനാകുവാൻ ശ്രമിച്ചാൽ പരീക്ഷയിലും കെണിയിലും അകപ്പെടും (1 തിമൊ 6:9).

സമൃദ്ധിയുടെ സുവിശേഷം വേറൊരു സുവിശേഷമാണ്. വേർപാടുകാരായ വിശ്വാസികൾക്ക് വചനപ്രകാരം യോജിച്ചു പോകാൻ കഴിയാത്ത വചനവിരുദ്ധ ഉപദേശങ്ങൾ ഇതിന്റെ അടിസ്ഥാനമാണ്. രോഗശാന്തിയും ദൈവാനുഗ്രഹങ്ങളും ഭംഗിവാക്കുകളായി അവതരിപ്പിക്കുന്ന ഈ സുവിശേഷത്തിന്നു പിന്നിലെ ലക്ഷ്യം ഈ ലോകത്തിൽ സമ്പത്തു സ്വരൂപിക്കലാണ്. അതു ഇവിടെ വിട്ടേച്ചു പോകേണ്ടിവരുമെന്നു വചനം പറയുന്നു.

വഞ്ചനപ്പെടാതിരിപ്പാൻ സൂക്ഷിച്ചുകൊൾക. ദൈവത്തെ പരിഹസിച്ചു കൂടാ. മനുഷ്യർ വിതക്കുന്നതു കൊയ്യും. ●

# ഒരുക്കമുള്ളവരായിരിപ്പിൻ

**ജോസ് സക്കറിയ**



സംഭവ ബഹുലമായ ഒരു ലോകത്താണ് നാം ജീവിക്കുന്നത്. ലോകസംഭവങ്ങളിൽ വെച്ച് ഏറ്റവും ഉന്നതവും അത്ഭുതകരവുമായ ഒന്നാണ് കർത്താവിന്റെ പുനരാഗമനം. പല അനിഷ്ട സംഭവങ്ങളും ലോകത്തിൽ അതിനോടു ബന്ധപ്പെട്ടു നടക്കുമെങ്കിലും ക്രിസ്ത്യാനികളെ സംബന്ധിച്ചിടത്തോളം അവരുടെ വിശ്വാസത്തിന്റെയും പ്രത്യാശയുടെയും നിവൃത്തീകരണമാണവിടെ സംഭവിക്കുക. ഇതു എത്രയും വേഗം സംഭവിക്കും എന്ന സത്യം തിരുവെഴുത്തു നമ്മെ ഓർമ്മിപ്പിക്കുന്നു. ആകയാൽ നാം ഒരുക്കമുള്ളവരായിരിക്കണമെന്ന് ദൈവാത്മാവ് ഓർപ്പിക്കുന്നു. വചനം പഠിക്കുന്നതിനും ആത്മീക കൃപാവരങ്ങൾ ഉപയോഗപ്പെടുത്തുന്നതിനും സുവിശേഷം അറിയിക്കുന്നതിനും സൽപ്രവൃത്തികൾ ചെയ്യുന്നതിനുമുള്ള ഒരുക്കം നമ്മിലുണ്ടാവണം. ക്രിസ്തുവിനു വേണ്ടി നിലകൊള്ളുവാനും ജീവനർപ്പിക്കുവാനുമുള്ള (അപ്ര. 21:13).ഒരുക്കത്തിലെത്തുമ്പോഴാണ് നമ്മുടെ പ്രത്യാശ തികവു പ്രാപിക്കുക. ആ നാൾ വരെയും കർത്താവിന്റെ വരവിനെ പ്രഘോഷിക്കുന്ന സുവിശേഷമാകുന്ന ദീപശിഖയേന്തി നമുക്കു മുന്നേറാം. മുളന്തുരുത്തി ബ്രദറൺ അസംബ്ലിയുടെ യൂത്ത് മീറ്റിൽ സംസാരിക്കുകയായിരുന്നു അദ്ദേഹം.




## പുസ്തക പരിചയം

### വിവാഹം, വിവാഹ ജീവിതം, വിവാഹമോചനം (തിരുവെഴുത്തു എന്തു പറയുന്നു)

**എം.എ. ജോസ്, തൃശ്ശൂർ**

വിവാഹജീവിതവും വിവാഹമോചനവും സംബന്ധിച്ച് വിശ്വാസികളുടെ മധ്യേ പല തെറ്റിദ്ധാരണകളും ആശയപിശകുകളും കൂടി വരുന്നു. വിവാഹമോചനങ്ങളുടെ എണ്ണവും പെരുകുന്നു. ഈ സാഹചര്യത്തിൽ തിരുവെഴുത്തിലേക്കു മടങ്ങുക മാത്രമാണ് ഏക പോംവഴി. മാമൂലുകളെയും പാരമ്പര്യങ്ങളേയും മാറ്റിവച്ച് തിരുവചനം എന്ന ഏക പ്രമാണത്തെ ആസ്പദമാക്കി രചിക്കപ്പെട്ട ഗ്രന്ഥമാണിത്. വേർപാട് വരിക്കാർക്ക് ഈ പുസ്തം തികച്ചും സൗജന്യമായി ലഭിക്കുന്നതാണ്. താല്പര്യമുള്ളവർ ചുവടെ ചേർക്കുന്ന വിലാസത്തിൽ ബന്ധപ്പെടുക.

M.A. Jos, Malyakal , TC - XXI/1179,
Swathanthra Nagar, Kuriachira P.O.,
Thrissur - 680006
Tel : 9495464512

# വേർപാട് വാർത്താ പത്രിക

**സുതാര്യം ✦ വസ്തുനിഷ്ഠം ✦ വചനാനുസൃതം**

## വൈ.എം.ഇ.എഫ്. ജനറൽ ക്യാമ്പ്

**ഓഗസ്റ്റ് 27 – 31 വരെ**

സ്ഥലം :

**പെനിയേൽ ബൈബിൾ സെമിനാരി**

കീഴില്ലം

### പ്രധാന ലീഡേഴ്സ്

തോംസൺ ബി. തോമസ്

ശമുവേൽ ബി. തോമസ്

ജോസ് മാങ്കുടി

**പ്രാർത്ഥിക്കുക**

**പങ്കെടുക്കുക**

കൂടുതൽ വിവരങ്ങൾക്ക്

ബന്ധപ്പെടുക

എ.ഡി. ജെയിംസ്

സാംസൺ ശമുവേൽ

PRINTED MATTER

TO.

If Undelivered Please return to
LOGOS BHAVAN
Maneed P.O.
Ernakulam 686726
Kerala

This Publication is owned, printed and published by Saneesh Cherian.
printed at Maptho Printings, Kalamassery for Brethren Research Group.